കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2017-18

## ജില്ലാ ഓഡിറ്റ് കാര്യാലയം

## പാലക്കാട്

e-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നമ്പർ കെ.എസ്.എ-പികെഡി15-2422/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി: 13.02.2019.

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:1) ഡയറക്ടർകേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

3) കാര്യാലയ പകർപ്പ്

നമ്പർ കെ.എസ്.എ-പികെഡി115-2422/2018 തിയ്യതി: 13.02.2019.

## പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 16.08.17 മുതൽ 9.11.18 വരെ തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | മേരി ഹണി ജോസഫ്,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12-11-2018 മുതൽ 21-11-2018 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.ജി റോബർട്ട് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. എ. സുജാത | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി . പി. സരിത | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. എൻ.വി.കൃഷ്ണദാസ് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എ.വി.ഗോപിനാഥൻ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | ശ്രീ.എം. രാമൻകുട്ടി | 01.04.17 മുതൽ 31.03.18 വരെ |

(സി) നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ബിന്ദു.കെ | 1.04.17മുതൽ 12.07.17വരെ |
| | ശ്രീമതി.മേരിവിജയ | 13.07.17 മുതൽ 10.08.2017 വരെ |
| | ശ്രീ.എം.ടി മോഹൻ | 10.08.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സുമേഷ് വി ആർ | 1.04.17.മുതൽ 8.11.17 വരെ |
| | ശ്രീ പി കൃഷ്ണനുണ്ണി | 9.11.17 മുതൽ 13.02.18 വരെ |
| | ശ്രീമതി.അഞ്ജു.എസ് | 14.02.18 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | ഡോ. പ്രവീൺ. കെ. പി | 1.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ.ശ്രീജ. കെ.വി | 1.04.17മുതൽ 31.03.18വരെ |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | ഡോ. സനിജ കോമാട്ടിൽ | 1.04.17മുതൽ 31.03.18വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ.അൻജു അന്നാ ജെയിംസ് | 1.04.17 മുതൽ 31.03.18 വരെ |
| പ്രധാന അധ്യാപകൻ | ശ്രീ. എം.വി കൃഷ്ണകുമാരൻ | 1.04.17 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. വെങ്കിടാചലം.ടി.കെ | 1.04.17 മുതൽ 31.03.18 വരെ |
| ഐ.സി.ഡി.എസ് | ശ്രീമതി. ശാരദ.എം.കെ | 1.04.17 മുതൽ |

| | | |
|---|---|---|
| സൂപ്പർവൈസർ | | 7.09.17 വരെ |
| | ശ്രീമതി. പ്രമീള | 08.09.17 മുതൽ 31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ. സ്മിത | 1.04.17 മുതൽ 31.03.18 വരെ |
| ക്ഷീരവികസന ഓഫീസർ | ശ്രീമതി. ജയലക്ഷ്മി | 01.04.17 മുതൽ 31.03.18 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് .29.03.2017ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. മുൻബാക്കി ഉൾപ്പെടെ ആകെ വരവ് 273819813 രൂപയും ആകെ ചെലവ് 263859250 രൂപയുമാണ്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 05.06.18 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 16.07.18മുതൽ 17.07.18 വരെ | കെ.എസ്.എ.പി.കെ.ഡി 21/1904/62/18 തീയതി 29.09.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ്

## പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5140355 |
| വരവ് | 96512359 |
| ആകെ | 101652714 |
| ചെലവ് | 98699791 |
| നീക്കിയിരിപ്പ് | 2952923 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-<br>ജനറൽ<br>(ACR പ്രകാരം) | 0 | 12894000 | 12894000 | 12670716 | 223284 |
| വികസന ഫണ്ട്-<br>എസ്.സി.പി<br>(ACR പ്രകാരം) | 0 | 18873468 | 18873468 | 17199589 | 1673879 |
| വികസന ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം) | 0 | 47981 | 47981 | 0 | 47981 |
| മെയിന്റനൻസ്, റോഡ്<br>(ACR പ്രകാരം) | 0 | 12165000 | 12165000 | 12061200 | 103800 |
| മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം) | 0 | 2785000 | 2785000 | 2637851 | 147149 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | 0 | 6054927 | 6054927 | 5922121 | 132806 |
| കെ.എൽ.എസ്.<br>ജി.ഡി.പി<br>(ACR പ്രകാരം) | 0 | 18769896 | 18769896 | 18666019 | 103877 |
| സാക്ഷരത | 1414 | 119700 | 121114 | 119700 | 1414 |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ. ആർ.ഇ.ജി.എസ് | തൊഴിലാ ളികളുടെ കൂലി | 7283 | 921032 | 928315 | 915613 | 12702 |
| | അഡ്മിനി സ്ട്രേറ്റീവ് ചെലവ് | 0 | 14362845 | 14362845 | 14362845 | 0 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച്) | എസ്.സി. കോർപ്പസ് ഫണ്ട് | 0 | 4619908 | 4619908 | 4619908 | 0 |
| | കേരളോത്സവം | 0 | 79469 | 79469 | 79469 | 0 |
| | വിമുക്തി | | 12500 | 12500 | 12500 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | ഐ.സി. ഡി.എസ് | 1807422 | 1811855 | 3619277 | 457557 | 3161720 |
| | ടി.എസ്.സി | | 2090208 | 2090208 | 0 | 2090208 |
| ബി ഫണ്ട് | തൊഴിലി ല്ലായ്മ വേതനം | 0 | 61560 | 61560 | 61560 | 0 |
| | വിധവകളുടെ പെൺമക്കൾ ക്കുള്ള വിവാഹ ധനസഹായം | 0 | 330000 | 330000 | 330000 | 0 |
| | നെൽകൃഷി- ഉല്പാദന ബോണസ് | 0 | 671220 | 671220 | 671220 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 0 | 927000 | 92000 | 926998** | 2 |
| | ജില്ലാ പഞ്ചായത്ത് | 12500 * | 2834800 | 2847300 | 2834800 | 12500 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 2372042 | 3985750 | 6357792 | 5769974 | 587818 |
| | എസ്.ബി. ടി-ഇ- പെയ്മെന്റ് അക്കൗണ്ട | 0 | 27134 | 27134 | 0 | 27134 |
| | ട്രഷറി അക്കൗണ്ട് | 2013998 | 9940897 | 11954895 | 11961092 | - 6197 |

*** ഈ തുക ഗായത്രി വാട്ടർഷെഡ് പദ്ധതിക്കായി ലഭിച്ച ജില്ലാ പഞ്ചായത്ത് വിഹിതമാണ്. (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം.**

**** ഐ.സി.ഡി.എസ് സ്കോളർഷിപ്പ് തുക 199998.00 ന്റെ ചെലവ് അക്കൗണ്ടിൽ വന്നിട്ടില്ല. യഥാർത്ഥ ചെലവാണ്.**

# 1-6 <u>പദ്ധതി അവലോകനം</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | പൂർണ്ണമായും നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 193 | 97026216 | 138 | 77076240 | 22 | 33 | 71.5% |

| നിർവ്വഹണോദ്യോഗസ്ഥൻ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 58296939 | 49344875 | 84.6 |
| സെക്രട്ടറി | 6276030 | 4700756 | 74.9 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 6344600 | 3899700 | 61.4 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 700000 | 594270 | 84.8 |
| മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 1003345 | 795658 | 79.3 |
| മെഡിക്കൽ ഓഫീസർ,ഹോമിയോ | 150000 | 150000 | 100 |
| മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 285000 | 285000 | 100 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 4578270 | 4420987 | 96.5 |
| പ്രധാന അധ്യാപിക | 2002855 | 1974181 | 98.5 |
| കൃഷി ഓഫീസർ | 6989177 | 6720900 | 96 |
| വെറ്ററിനറി സർജൻ | 4590000 | 1212413 | 26.4 |
| അസിസ്റ്റന്റ് സെക്രട്ടറി | 5810000 | 2977500 | 51.2 |

വെറ്ററിനറി സർജൻ , അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഒഴികെയുള്ള എല്ലാ നിർവ്വഹണോദ്യോഗസ്ഥരും അടങ്കൽ തുകയുടെ 75 % ത്തിലും അധികം ചെലവഴിച്ചിട്ടുണ്ട്. കാർഷികമേഖലയിലെ സ്വയംപര്യാപ്തത ലക്ഷ്യം മുൻനിർത്തി കാർഷികമേഖലയിലും അനുബന്ധമായ മൃസംരക്ഷണമേഖലയിലും ഫലപ്രദമായ പദ്ധതികൾ ഏറ്റെടുത്ത്

നടപ്പിലാക്കുന്നതിനും വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കുന്നതിനും ശ്രമിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് ജി.ഒ (എം.എസ് ) 10/17 തീയതി 09.01.2017 പ്രകാരം ആസൂത്രണസമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും തൃപ്തികരമായ വിധത്തിൽ ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണ നിർവ്വഹണം വിലയിരുത്തൽ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് സമിതിയ്ക്ക് സാധ്യമായിട്ടില്ല. ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്. പദ്ധതി പ്രവർത്തനങ്ങളെ സമയക്രമമനുസരിച്ച് ഏകോപിപ്പിക്കുന്നതിനും അവസ്ഥാരേഖയിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന പ്രോജക്ട് നിർദ്ദേശങ്ങൾ നൽകുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകളെ സഹായിക്കുന്നതിലേക്കും ഗ്രാമപഞ്ചായത്തിന്റെ വികസനപരിപ്രേക്ഷ്യത്തിന് രൂപം നൽകുന്നതിന് ഭരണ നിർവ്വഹണാധികാരികളെ സഹായിക്കുന്നതിലേക്കും ആസൂത്രണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം ലഭ്യമായതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതി പ്രവർത്തനങ്ങളുടെ ഓരോ ഘട്ടങ്ങളും വിലയിരുത്തുന്നതിലേക്കും ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 7283 | 921032 | 928315 | 915613 | 12702 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 14362845 | 14362845 | 14362845 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 61560 | 53 |
| കർഷകതൊഴിലാളി പെൻഷൻ | 8803200 | 783 |
| വിധവാ പെൻഷൻ | 13952000 | 1191 |
| വാർദ്ധക്യകാലപെൻഷൻ | 19295800 | 1631 |
| വികലാംഗപെൻഷൻ | 3498100 | 316 |
| അവിവാഹിത പെൻഷൻ | 1445200 | 129 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 330000 | 11 |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.2018 2.30 pm ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2069 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ് പൊതുവെ തൃപ്തികരമാണ്. ആസൂത്രണസമിതിയുടെയും വർക്കിംഗ് ഗ്രൂപ്പുകളുടെയും പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കേണ്ടതാണ്. തെരുവുവിളക്കുകളുടെ പരിപാലനം, പൊതുടാപ്പുകളുടെ വെള്ളക്കരം തുടങ്ങിയ വിഷയങ്ങളിൽ പൊതു ഫണ്ടിന് നഷ്ടമുണ്ടാകാത്ത രീതിയിലുള്ള പ്രവർത്തനം നടപ്പിലാക്കുന്നതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. പർച്ചേസ് കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | ഓഡിറ്റ് നടത്തിയ തീയതി | കാലയളവ് | ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.10.18 | 1.10.2018 മുതൽ 31.10.2018 വരെ | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.02.2011 മുതൽ 16.02.2011 വരെ | 2005-06 മുതൽ 2009-10 വരെ | 19.03.2011 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

അനുബന്ധം 1 പ്രകാരം ചേർത്തിരിക്കുന്ന ഓഡിറ്റ് സാക്ഷ്യപത്രത്തിൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളൊഴികെ മറ്റ് അപാകതകളൊന്നുമില്ല.

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ടെന്റർ ഫോറം വില പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടില്ല

വിവിധ വർഷങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ പദ്ധതികൾ ഇ-ടെന്റർ നടത്തിയതിലൂടെ പഞ്ചായത്തിന് ലഭിക്കേണ്ട തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത് തിരികെ പഞ്ചായത്തിലേക്ക് അടവാക്കാൻ മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ നിർദ്ദേശിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും 11.6.2018 തീയതിൽ 1,06,465.00 രൂപ അസി.എഞ്ചിനീയറുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ടിട്ടുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്തിന്റെ തനതുഫണ്ടിലേക്ക് തുക ഒടുക്കിയിട്ടില്ല. ഇതു കൂടാതെ 2018-19 സാമ്പത്തിക വർഷത്തിൽ ലഭിച്ച ടെന്റർ ഫോറം വില ഉൾപ്പെടെ നിലവിൽ 134689രൂപ അസി.എഞ്ചിനീയറുടെ 37227202463 നമ്പർ SBI/KZM അക്കൗണ്ടിൽ നീക്കിയിരുപ്പുണ്ട്. പഞ്ചായത്തിന് അവകാശപ്പെട്ട തുക കൈമാറ്റം ചെയ്യാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/17-18/തീയതി- 16.11.2018) ലഭിച്ച തുകയിൽ നികുതി തുക എത്രയെന്ന് തിട്ടപ്പെടുത്താത്തതിനാലാണ് തുക കൈമാറാതിരുന്നതെന്നും എത്രയും വേഗം

ഇവ തിട്ടപ്പെടുത്തി തുക കൈമാറുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുക തനതുഫണ്ടിൽ നിക്ഷേപിച്ച് വിരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 ബഡ്ജറ്റ് രൂപീകരണം- പഞ്ചായത്ത് രാജ് നിയമത്തിലേയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ പാലിച്ചില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്,വകുപ്പ് 214ഉപവകുപ്പ്(1) പ്രകാരം സർക്കാർ അതതു സമങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി 175 ◌ാം വകുപ്പനുസരിച്ച് തയ്യാറാക്കിയതും അനുവദിച്ചതുമായ വികസന പദ്ധതികളുടെ ചെലവ് ഉൾപ്പെടെ അടുത്ത വർഷത്തേക്ക് ഉണ്ടാകാനിടയുള്ള വരവ് ചെലവുകളുടെ വിശദമായ എസ്റ്റിമേറ്റ് ഉൾക്കൊള്ളുന്ന ബഡ്ജറ്റ് നിർദ്ദേശങ്ങൾ ഓരോ വർഷവും ജനുവരി 15 ◌ാം തീയതിക്ക് മുമ്പായി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ, സെക്രട്ടറിയും അതതു വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥൻമാരും നൽകുന്ന എസ്റ്റിമേറ്റും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ട്, തയ്യാറാക്കേണ്ടതും അത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതുമാണ്. വകുപ്പ് 214ഉപവകുപ്പ് 1(എ)(1) പ്രകാരം സമർപ്പിക്കപ്പെട്ട നിർദ്ദേശങ്ങളേയും ഈ ആക്ടിലെ എല്ലാ ആവശ്യങ്ങളേയും പരിഗണിച്ചുകൊണ്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതിൽ നിന്നും പഞ്ചായത്തിന്റെ അടുത്ത വർഷത്തേക്കുള്ള വരവ് ചെലവ് കാണിക്കുന്ന ഒരു ബഡ്ജറ്റ് തയ്യാറാക്കേണ്ടതും അത് പ്രസ്തുത സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചെയർമാൻ മാർച്ച് മാസത്തിലെ ആദ്യത്തെ ആഴ്ച കഴിയുന്നതിനു മുമ്പായി പഞ്ചായത്ത് മുമ്പാകെ, അതിന്റെ ഒരു പ്രത്യേക യോഗത്തിൽ പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന വികസന ക്ഷേമപ്രവർത്തനങ്ങൾ സംബന്ധിച്ച ആമുഖ പ്രഖ്യാപനത്തിനുശേഷം, പഞ്ചായത്തിന്റെ അംഗീകാരത്തിനായി വയ്ക്കേണ്ടതാണ്.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 214 അനുശാസിക്കുന്ന ബജറ്റ് തയ്യാറാക്കലും അനുമതി നൽകലും എന്ന ചട്ടപ്രകാരവും, കേരളത്തിലെ പഞ്ചായത്തുകൾക്ക് ബഡ്ജറ്റ് തയ്യാറാക്കുന്നതിനുള്ള മാന്വലിലെ {ജി.ഒ (ആർ.ടി) നം. 3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരം പുറപ്പെടുവിച്ചത്} മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരവുമുള്ള നിർദേശങ്ങളും പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2017-18 ബഡ്ജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ പൂർണ്ണമായും പാലിച്ചിട്ടില്ല എന്ന് ഓഡിറ്റിൽ കണ്ടെത്തി. വിശദവിവരം ചുവടെ ചേർക്കുന്നു.

1. 2017-18 ബജറ്റ് നടപടിക്രമങ്ങളുമായി ബന്ധപ്പെട്ട ഫയൽ സൂക്ഷിച്ചിട്ടില്ല.
2. ബജറ്റ് തയ്യാറാക്കുന്നതിന് മുന്നോടിയായി വിവിധ നിർവഹണ ഉദ്യോഗസ്ഥരിൽ നിന്നും റിവൈസ്ഡ് ബഡ്ജറ്റിനുള്ള നിർദ്ദേശങ്ങളും ബജറ്റ് വർഷത്തേക്കുള്ള നിർദ്ദേശങ്ങളും സെക്രട്ടറി ആവശ്യപ്പെട്ടിട്ടില്ല. ബഡ്ജറ്റ് എസ്റ്റിമേറ്റുകൾ

തയ്യാറാക്കുന്നതിനായി ഡിസംബർ 15 ന മുന്പ് വിവിധ ഘടക സ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ചു ചേർത്തിട്ടിട്ടില്ല.

3. പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ജനവരി 22 ന മുമ്പ് വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ യോഗം വിളിച്ചു ചേർത്തിട്ടിട്ടില്ല. സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരിൽ നിന്നും ലഭിക്കുന്ന നിർദ്ദേശങ്ങൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളിൽ ചർച്ച ചെയ്ത് തീരുമാനിച്ച പദ്ധതിയേതര നിർദ്ദേശങ്ങൾ സ്റ്റാന്റിംഗ് ചെയർമാൻമാർ ഫെബ്രുവരി ഒന്നിന് മുമ്പ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചിട്ടില്ല.

5. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നിർദ്ദേശങ്ങൾ, ഡി.പി.സി. അംഗീകരിച്ച വാർഷിക പദ്ധതിരേഖ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തിന്റെ തീരുമാനമനുസരിച്ചുള്ള ഉപ മേഖലാതല വകയിരുത്തൽ എന്നിവ ക്രോഡീകരിച്ച് മാർച്ച് ഒന്നിന് മുമ്പ് കരട് ബജറ്റ് തയ്യാറാക്കിയിട്ടില്ല.

6. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തയ്യാറാക്കിയ കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി ഗ്രാമ പഞ്ചാത്തിന്റെ ഒരു പ്രത്യേക യോഗം മാർച്ച് ഏഴിന് മുമ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വിളിച്ച് ചേർത്തിട്ടില്ല.

പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് രൂപീകരണവുമായി ബന്ധപ്പെട്ട് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് അവതരിപ്പിച്ചതും പാസ്സാക്കിയതും 07.03.2017 തിയതിയിലാണ്. ആയത് ഭരണസമിതിയുടെ തീരുമാനം നം.1 തിയതി. 20.03.2017 പ്രകാരമാണ് അംഗീകരിച്ചിട്ടുള്ളത്. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചെയർമാൻമാർ, നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവ സമർപ്പിച്ചിട്ടില്ലാത്തതിനാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റ് രൂപീകരിച്ചിട്ടുള്ളത് നിർദ്ദേശങ്ങൾ, എസ്റ്റിമേറ്റുകൾ എന്നിവയുടെ അഭാവത്തിലാണ് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടും നിയമത്തിന് വിധേയമായും വരും വർഷങ്ങളിൽ വാർഷിക ബജറ്റ് തയ്യാറാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

- ബജറ്റ് രൂപീകരിക്കുമ്പോൾ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെയും, ബജറ്റ് മാന്വലിലെയും നിർദ്ദേശങ്ങൾ, സമയക്രമം എന്നിവ പാലിക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
- വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർദ്ദേശങ്ങൾ സമർപ്പിക്കാത്തത് വാർഷിക ബജറ്റിൽ തുക വകയിരുത്താതെ പോകുന്നതിനും യഥാർത്ഥത്തിൽ ആവശ്യമായ തുക ചെലവഴിക്കുവാൻ സാധിക്കാതെ പോകുന്നതിനും

ഇടയാക്കും എന്നത് പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നം 12/15.11.2018)

## 2-3 ഭരണസമിതിയുടെ തീരുമാനമില്ലാതെ കെട്ടിടങ്ങളുടെ വസ്തു നികുതി ഒഴിവാക്കിയത്- നിയമവിരുദ്ധം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 12.06.2017 തിയതിയിലെ രണ്ടാം നമ്പർ തീരുമാന പ്രകാരം 117 കെട്ടിടങ്ങളെ 2017-18 വർഷത്തിൽ വസ്തു നികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നതിനു വേണ്ടി ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ആയത് ഭരണ സമിതിയിൽ ചർച്ച ചെയ്ത് തീരുമാനമെടുത്തിട്ടില്ല. വസ്തു നികുതി ഒഴിവാക്കൽ രജിസ്റ്റർ, അപേക്ഷകൾ, സഞ്ചയ സോഫ്റ്റ് വെയർ എന്നിവ പരിശോധിച്ചപ്പോൾ 131 കെട്ടിടങ്ങളെ ഒഴിവാക്കിയിട്ടുള്ളതായി ഓഡിറ്റിൽ കണ്ടെത്തി. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഭരണസമിതിയിലോ ചർച്ച ചെയ്ത് തീരുമാനമെടുക്കാതെയാണ് 14 കെട്ടിടങ്ങളെ വസ്തു നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയത്. ഭരണസമിതിയുടെ സബ് കമ്മിറ്റിയായ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് പ്രസ്തുത വിഷയത്തിൽ ഭരണസമിതിയോട് ശുപാർശ ചെയ്യുന്നതിന് മാത്രമേ അധികാരമുള്ളൂ. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശുപാർശ സംബന്ധിച്ച് ചർച്ച ചെയ്തത് തീരുമാനമെടുക്കേണ്ടത് ഭരണസമിതിയാണ്. ആയതിനാൽ 14 കെട്ടിടങ്ങളെ വസ്തു നികുതി ചുമത്തുന്നതിൽ നിന്നും ഒഴിവാക്കിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയ 14 കെട്ടിടങ്ങൾ സംബന്ധിച്ച് അടുത്ത ഭരണസമിതിയിൽ ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിന്മേലുള്ള ഭരണസമിതിയുടെ തീരുമാനം സഹിതം സ്വീകരിച്ച തുടർ നടപടികൾ രേഖാമൂലം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 23/17-18, തിയതി. 21.11.2018).

## 2-4 വസ്തു നികുതിയിന്മേലുള്ള സേവന നികുതി ഏർപ്പെടുത്തുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതാണ്.

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രൈനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം

ചുമത്താവുന്ന ഏറ്റവും കുറഞ്ഞ സേവന ഉപനികുതിയുടെ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രൈനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കുന്നതിനുള്ള സാധ്യത ഭരണസമിതി പരിശോധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 11/15.11.2018) 21.11.2018 തീയതിക്ക് ലഭ്യമാക്കിയ മറുപടിയിൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിൽ ചട്ട പ്രകാരമുള്ള സേവന ഉപനികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിനായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും, ഭരണസമിതിയിലും പ്രസ്തുത വിഷയം അവതരിപ്പിച്ച് ഭരണസമിതിയുടെ അംഗീകാരത്തിന് വിധേയമായി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-5 നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കുന്നില്ല- പഞ്ചായത്തിന് വരുമാന നഷ്ടം

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി പ്രകാരം ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കാവുന്ന പരമാവധി തുക 4000 രൂപയിൽ നിന്നും 15000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ചട്ട ഭേദഗതിയുടെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തത് പഞ്ചായത്ത് ഫണ്ടിന് വരുമാന നഷ്ടമുണ്ടാക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31/10/17- ലെ ജി.ഒ.(പി) നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ. നമ്പർ 674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 232, 233, 234 വകുപ്പുകളും 254 വകുപ്പ് കൂട്ടി വായിച്ചതും 2017- ലെ കേരളാ ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസിലെ സെക്ഷൻ 10 പ്രകാരവും 1996- ലെ കേരളാ പഞ്ചായത്ത് രാജ് ( അസഹ്യവും അപകടകരവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് പ്രകാരം ടി. ചട്ടത്തിലെ റൂൾ 2 ഭേദഗതിയനുസരിച്ച് പ്രസ്തുത ചട്ടത്തിന്റെ പേര് കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും, സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) എന്നാക്കി ഭേദഗതി ചെയ്തിട്ടുണ്ട്.

കൂടാതെ ചട്ടം 10-ലെ പട്ടിക- 2-ൽ വിവിധ വ്യാപാരസ്ഥാപനങ്ങളെ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്നിങ്ങനെ വിവിധ തട്ടുകളാക്കി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരംതിരിച്ച് പരമാവധി ഈടാക്കാവുന്ന ഫീസ് ഉത്തരവായതിനാൽ നിലവിലുണ്ടായിരുന്ന ഫീസ് നിരക്കുകൾ നിശ്ചയിച്ചിട്ടുള്ള പട്ടിക 2 ഒഴിവാക്കിയിട്ടുണ്ട്. പുതിയ ഫീസ് നിരക്ക് സെക്രട്ടറി തയ്യാറാക്കി ഭരണസമിതിക്ക് സമർപ്പിക്കേണ്ടതും ആയത് ചർച്ച ചെയ്ത് പ്രസ്തുത ചട്ട ഭേദഗതി ഉത്തരവു പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിലെ ഡി ആന്റ് ഓ ലൈസൻസ് അപേക്ഷകൾ, ഡിമാന്റ് രജിസ്റ്റർ, മറ്റ് അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചപ്പോൾ പഞ്ചായത്ത് പ്രദേശത്തെ വിവിധ വ്യാപാര വ്യവസായ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് പിരിക്കുന്നതിന് നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ല എന്നും 31.10.2017 ലെ ചട്ട ഭേദഗതിക്കുശേഷമുള്ള അപേക്ഷകളിലും ദൈനംദിന വിറ്റുവരവ് തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസുകൾക്ക് ഫീസ് ഈടാക്കിയിട്ടുള്ളതെന്നും കണ്ടെത്തി. ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 09/18, തിയതി. 15.11.2018) 21.11.2018-ാം തിയതി നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം അടുത്ത പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ പുതിയ നിരക്കിലുള്ള ഫീസ് നിശ്ചയിച്ച് ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

ലൈസൻസ് ചട്ടങ്ങളിൽ വന്ന ഭേദഗതി ഉത്തരവ് പ്രകാരം ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ വരുമാന സ്രോതസ്സായ പ്രസ്തുത വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു.

## **2-6** <u>പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് ചട്ടം നടപ്പിലാക്കാത്തത് വരുമാന നഷ്ടം ഉണ്ടാക്കുന്നു.</u>

കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 പ്രകാരം ചട്ടം നിലവിൽ വന്ന് ആറ് മാസത്തിനകം ഗ്രാമ പഞ്ചായത്ത് ചട്ടം സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് ആയത് സംബന്ധിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിട്ടില്ല എന്നും നടപടികൾ സ്വികരിച്ചിട്ടില്ല എന്നും കാണുന്നു, വിശദവിവരം ചുവടെ ചേർക്കുന്നു.

മേൽ ചട്ടപ്രകാരം പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ കുറഞ്ഞ കനം 40 മൈക്രോണിൽ നിന്ന് 50 മൈക്രോണായി ഉയർത്തിയിട്ടുണ്ട്. നിയമപ്രകാരമല്ലാതെ പ്ലാസ്റ്റിക് ക്യാരിബാഗുകളിലും, മൾട്ടി ലെയർ പാക്കേജുകളിലും സാധനങ്ങൾ നൽകുന്ന കച്ചവടക്കാരോട് പിഴ

ഈടാക്കാവുന്നതാണ്. മേൽ ചട്ടങ്ങളിലെ ചട്ടം 15 പ്രകാരം പ്ലാസ്റ്റിക് ക്യരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്ന കച്ചവടക്കാർ, വഴിവാണിഭക്കാർ തുടങ്ങിയവർ ഗ്രാമപ്പഞ്ചായത്തിൽ നിന്നും രജിസ്ട്രേഷൻ ലഭിക്കുന്നതിനായി പ്രതിമാസം 4,000 രൂപ നിരക്കിൽ കുറഞ്ഞത് 48,000 രൂപ വർഷത്തിൽ പ്ലാസ്റ്റിക് മാലിന്യ നിർമ്മാർജന ഫീസിനത്തിൽ തദ്ദേശ സ്ഥാപനങ്ങളിൽ ഒടുക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിൽ നിയമാനുസൃതം രജിസ്റ്റർ ചെയ്യാത്ത കച്ചവടക്കാർ പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നത് നിയമ വിരുദ്ധമാണെന്ന പ്രചാരണം പഞ്ചായത്ത് തലത്തിൽ നൽകേണ്ടതുമുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് 2016 ലെ നിർദ്ദേശ പ്രകാരം പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ (ഡി.സി) വകുപ്പിന്റെ 24.09.2016-ലെ 576/ഡി.സി.1/16/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇത് പ്രകാരം മാലിന്യ നിർമ്മാർജന ഫീസ് ഈടാക്കി വ്യാപാരികളും തെരുവ് കച്ചവടക്കാരും രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. എന്നാൽ ഇതിൻമേൽ ഗ്രാമപ്പഞ്ചായത്ത് 2017-18 വർഷം നടപടികൾ ഒന്നും തന്നെ സ്വീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം 242 വ്യാപാരികൾ ലൈസൻസ് എടുത്തിട്ടുണ്ട്. ഇതിൽ പകുതിയിലേറെ വ്യാപാരികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ സാധനങ്ങൾ വിതരണം ചെയ്യുന്നവരാണ്. ഇവരിൽ നിന്നും പ്ലാസ്റ്റിക് നിർമ്മാർജന ഫീസ് ഈടാക്കിയിരുന്നെങ്കിൽ ഈ ഇനത്തിൽ കുറഞ്ഞത് അൻപത് ലക്ഷത്തിൽപ്പരം രൂപയുടെ വരുമാനം ഉണ്ടാകുമായിരുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (അന്വേഷണം നം. 10/18, തിയതി. 15.11.2018) 21.11.2018-ാം തിയതി നൽകിയ മറുപടിയിൽ പ്രസ്തുത വിഷയം അടുത്ത പഞ്ചായത്ത് ഭരണസമിതിയുടെ യോഗത്തിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വെയ്സ്റ്റ് മാനേജ്മെന്റ് റൂൾസ് പ്രകാരമുള്ള നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-7 <u>ലൈസൻസ് ഇല്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു</u>

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 232, 233, 234, 254 വകുപ്പുകൾക്ക് അനുബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് ചട്ടങ്ങളിൽ ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ പട്ടികയിൽ ഭക്ഷ്യ-പൊതു വിതരണ വകുപ്പിന്റെ പൊതു വിതരണ സമ്പ്രദായത്തിന്റെ ഭാഗമായ റേഷൻ റീട്ടെയിൽ ഡിപ്പോകളെയും ഉൾപ്പെടുത്തിയിട്ടുണ്ട് (പട്ടിക 1 ക്രമനം 149). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകളൊന്നും തന്നെ ലൈസൻസ് എടുത്തിട്ടുള്ളതായി ഡി & ഒ ലൈസൻസ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കാണാൻ കഴിഞ്ഞില്ല. പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന 9

റേഷൻ കടകളിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കുന്നതിനും ലൈസൻസ് ഫീസ് ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലൈസൻസ് എടുപ്പിക്കുന്നതിനും, തൊഴിൽ നികുതി അടവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നം. 14/17-18 തിയതി. 15.11.2018)

## 2-8 700 ൽപ്പരം വാണിജ്യ വ്യവസായ സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു.

1) ഓഡിറ്റ് വർഷത്തിൽ ലൈസൻസ് ഫീസ് പിരിവ് സംബന്ധിച്ച് ചർച്ചകളോ നിർദ്ദേശങ്ങളോ ഉണ്ടായില്ല.

2017-18 സാമ്പത്തിക വർഷത്തേക്കുള്ള ഡി&ഒ ലൈസൻസിനായുള്ള അപേക്ഷകരിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ ആകെ 41000 രൂപ മാത്രമേ (22800+18200) ഗ്രാമപഞ്ചായത്തിന് വരുമാനം ലഭിച്ചിട്ടുള്ളൂ. 2016-17 വർഷത്തെ അപേക്ഷിച്ച് 4350 രൂപയുടെ വരദ്ധന മാത്രമാണ് ഉണ്ടായിട്ടുള്ളത്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലും ഭരണസമിതിയിലും 2017-18 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസ് പിരിവ് സംബന്ധിച്ച് ചർച്ചകളോ നിർദ്ദേശങ്ങളോ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

2) വാണിജ്യ സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്

വസ്തു നികുതി നിർണ്ണയിക്കുന്നതിനുള്ള സഞ്ചയ സോഫ്റ്റ്‌വെയറിലെ വിവരങ്ങൾ പ്രകാരം വാണിജ്യ-വ്യാവസായിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 976 കെട്ടിടങ്ങൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിലവിലുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൗണുകൾ | 830 |
| വാണിജ്യ ആവശ്യത്തിനുള്ള 100 ച.മീ മുതൽ 200ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ/ റസ്റ്റോറന്റുകൾ/ ഗോഡൌണുകൾ | 7 |
| ഓഫീസ് ആവശ്യത്തിനുള്ളവ ( വ്യവസായ ആവശ്യത്തിനുള്ള ഓഫീസ് കെട്ടിടം ഉൾപ്പടെ) | 39 |
| വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 7 |

| | |
|---|---|
| വ്യവസായ ആവശ്യത്തിനുള്ള കൈത്തറിഷെഡ്/ കയർപിരി ഷെഡ് | 31 |
| ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 42 |
| മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്,2006(2006 ലെ 27) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 5 |
| അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ ,ലോഡ്ജ്, സിനിമാ തിയേറ്റർ | 7 |
| മൊബൈൽ ടെലഫോൺ ടവർ | 8 |
| ആകെ | 976 |

2017-18 വർഷത്തെ ഡി&ഒ ലൈസൻസ് ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പ്രകാരം 242 സ്ഥാപനങ്ങൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. 75 ശതമാനത്തിൽപ്പരം സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ വാണിജ്യ/ വ്യവസായ സ്ഥാപനങ്ങളിൽ നിന്നും നിയമാനുസൃത ലൈസൻസ് ഫീസ് ഈടാക്കി ലൈസൻസ് നൽകാത്തത് പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്തിന് പ്രതിവർഷം വൻതുക വരുമാന നഷ്ടം ഉണ്ടാക്കുന്നതിന് ഇടയാക്കുന്നു. ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യാവശ്യങ്ങൾക്കുള്ള കുറച്ച് കെട്ടിടങ്ങൾ പ്രവർത്തിക്കാതെ കിടക്കുന്നുണ്ടെന്നും ബാക്കിയുള്ള കെട്ടിടങ്ങൾ പരിശോധിച്ച് ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്നും ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി വിവരം ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് വരുമാന ചോർച്ച തടയേണ്ടതാണ്. സ്വീകരിക്കുന്ന തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധക്ഷണിക്കുന്നു. (ഓഡിറ്റ് അന്വേഷണം നം. 21/17-18 തിയതി. 19.11.2018)

## 2-9 തൊഴിൽ നികുതി ഈടാക്കാതിരുന്നത് ക്രമപ്രകാരമല്ല

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204(1) (ii)എ(i) പ്രകാരം ഓരോ അർദ്ധവർഷവും തുടർച്ചയായോ പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽ നികുതിയ്ക്ക് വിധേയനാകും. എന്നാൽ ഗ്രാമപഞ്ചായത്തിലും ഗ്രാമപഞ്ചായത്ത് പരിധിയിലുമായി ഓഡിറ്റ് കാലയളവിലെ അർദ്ധവർഷങ്ങളിൽ താഴെ കൊടുത്തിരിക്കുന്ന ജീവനക്കാർ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്തിട്ടും തൊഴിൽ

നികുതി ഈടാക്കിയിട്ടില്ല.

എ) ഗ്രാമ പഞ്ചായത്ത് ജീപ്പ് ഡ്രൈവർ

ബിൽ രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ അക്ബർ സലീം, കെ.എം. എന്ന വ്യക്തിക്ക് ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്ത് ജീപ്പ് ഡ്രൈവറായി സേവനമനുഷ്ഠിച്ച വകയിൽ വേതനം നൽകിയിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്ററിന്റെ പരിശോധനയിൽ ഗ്രാമപഞ്ചായത്തിൽ നിന്നു തന്നെ വേതനം നൽകിട്ടുള്ള പ്രസ്തുത ജീവനക്കാരനിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ബോധ്യപ്പെട്ടു.

ഗ്രാമപഞ്ചായത്ത് പരിധിയിലെ തൊഴിൽ നികുതിക്കു വിധേയരായ മുഴുവൻ വ്യക്തികൾ/സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും 100% നികുതി പിരിച്ചെടുക്കുന്നതിന് നിക്ഷിപ്തമായിട്ടുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നു തന്നെ വേതനം കൈപ്പറ്റിയിട്ടുള്ളവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാതിരുന്നത് ശരിയായ കീഴ്‌വഴക്കമല്ല. തൊഴിൽ നികുതി പ്രസ്തുത വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) കരാറുകാർ

എൽ.എസ്.ജി.ഡി സെക്ഷനിലെ എഗ്രിമെന്റ് രജിസ്റ്റർ പ്രകാരം 2017-18 വർഷത്തിൽ ഏറ്റെടുത്തതും 2016-17 വർഷത്തെ സ്പിൽ ഓവർ പ്രവൃത്തികൾ ഉൾപ്പെടെയുമായി വിവിധ പദ്ധതി പ്രവൃത്തികൾ നടപ്പിലാക്കുന്നതിനായി താഴെ പറയുന്ന കരാറുകാർ പഞ്ചായത്തു പരിധിയിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തൊഴിൽ നികുതി രജിസ്റ്റർ പരിശോധനയിൽ ഇവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായോ ഈടാക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുകയോ ചെയ്തതായി കാണുന്നില്ല. കരാറുകാരുടെ പേരുവിവരങ്ങളും ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണവും താഴെ ചേർക്കുന്നു. ഇവരിൽ നിന്നും വരുമാനത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം. | കരാറുകാർ | ഓഡിറ്റ് കാലയളവിൽ ഏറ്റെടുത്ത പ്രവൃത്തികളുടെ എണ്ണം |
|---|---|---|
| 1 | കെ.വി. രമേഷ് | 19 |
| 2 | അരവിന്ദാക്ഷൻ. എസ് | 40 |
| 3 | രമേഷ്. ആർ | 2 |
| 4 | ഹരിദാസ്. കെ | 10 |
| 5 | രാമദാസൻ. എം | 9 |
| 6 | സുനിൽ എസ് | 3 |
| 7 | വിസൺ. ആർ | 4 |

<u>സി) ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാർ</u>

പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. 2017- 18 വർഷത്തിൽ പഞ്ചായത്തിൽ പ്രവർത്തിച്ചുവന്ന 6 സംഘങ്ങളിൽ 4 സംഘങ്ങളിലെ ജീവനക്കാരാണ് തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. പെരുങ്ങോട്ടുകുറിശ്ശി, നടുവത്തപ്പാറ എന്നീ ക്ഷീരോത്പാദക സഹകരണ സംഘങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. പ്രസ്തുത ക്ഷീരോത്പാദക സഹകരണ സംഘങ്ങളിൽ നിന്നും നിയമാമനുസൃത തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>ഡി) തൊഴിൽ നികുതി അടവാക്കിയതിൽ കുറവ്</u>

തൊഴിൽ നികുതി രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ചുവടെ ചേർക്കുന്നവരിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതിയിൽ കുറവ് വന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടു. കുറവ് വന്നിട്ടുള്ള തുക 1290/- രൂപ പ്രസ്തുത വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

| ക്രമ നം. | പേര്, സ്ഥാപന ത്തിന്റെ പേര് | അർദ്ധ വർഷം | സമർപ്പിച്ച റിട്ടേൺ പ്രകാരം അർദ്ധവർഷ വരുമാനം | അടവാക്കിയ തുക | യഥാർത്ഥത്തിൽ അടവാക്കേണ്ട തുക | കുറവ് വന്ന തുക |
|---|---|---|---|---|---|---|
| 1 | അഞ്ജു, എസ്. ഡബ്ല്യു. ഒ- എ, പി. എൻ. ബി, പെരുങ്ങോട്ടുകുറിശ്ശി | II | 125999 | 600 | 1250 | 650 |
| 2 | മണികണ്ഠൻ, പ്യൂൺ, സർവ്വീസ് സഹകരണ ബാങ്ക്, പെരുങ്ങോട്ടുകുറിശ്ശി | II | 115356 | 750 | 1000 | 250 |
| 3 | ഭാവന, ക്ലാർക്ക്, പി. എൻ.വൈ സഭ ഫിനാൻസ് | I | 30000 | 180 | 300 | 120 |
| 4 | ഇന്ദു, ക്ലാർക്ക്, പി. എൻ.വൈ സഭ ഫിനാൻസ് | II | 30000 | 180 | 300 | 120 |
| 5 | രാധാകൃഷ്ണൻ. കെ.എം, ലാബ് അസിസ്റ്റന്റ്, പരുത്തിപ്പുള്ളി ക്ഷീരോത്പാദക സഹകരണ സംഘം | I | 87360 | 600 | 750 | 150 |

| | |
|---|---|
| ആകെ | 1290 |

ഇ) സ്ഥാപന രജിസ്റ്റർ, ട്രെയിഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കേണ്ടതാണ്.

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്ത് തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ, സ്ഥാപന രജിസ്റ്റർ എന്നിവ തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ അതു പ്രകാരമുള്ള സ്ഥാപന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. നികുതി പത്രിക സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പേരു മാത്രം രജിസ്റ്ററിൽ രേഖപ്പെടുത്തി നികുതി ഈടാക്കുന്ന രീതിയാണ് ഗ്രാമ പഞ്ചായത്ത് നാളിതുവരെ പിന്തുടർന്ന് വരുന്നത്. പഞ്ചായത്തിന്റെ അധികാര പരിധിയിലുള്ള നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരു വിവരങ്ങളടങ്ങിയ സ്ഥാപന രജിസ്റ്റർ എഴുതി തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ വാണിജ്യ സ്ഥാപനങ്ങളും/ഇതര സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതിയും സ്ഥാപന തൊഴിൽ നികുതിയും ഒടുക്കു വരുത്തുന്നുവെന്ന് ഉറപ്പ് വരുത്തുവാൻ സാധിക്കുകയുള്ളൂ.

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാരസ്ഥാപനങ്ങളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങളടങ്ങിയ പട്ടികയായി വാർഡ് തിരിച്ച ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സ് പരിശോധിച്ചതിൽ തൊഴിൽ നികുതിയുടെ പിരിവ് സംബന്ധിച്ച് അവലോകനം നടത്തിയതായി കാണുന്നില്ല. തൊഴിൽ നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് മേൽ രജിസ്റ്ററുകൾ തയ്യാറാക്കി വർഷംതോറും കാലികമാക്കി സൂക്ഷിച്ച് തൊഴിൽ നികുതിയിൽ പൂർണ്ണ വരുമാനം ഉറപ്പു വരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം 7/17-18, തിയതി. 15.11.2018)

## 2-10 കെട്ടിടനിർമ്മാണ പെർമിറ്റ്- ഓഡിറ്റ് നിരീക്ഷണങ്ങൾ

1) പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കുന്നതിനു പകരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയിരിക്കുന്നു.

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ന് അനുസൃതമായി പെർമിറ്റിനുള്ള ഫീസ് നിരക്ക് ആകെ ഫ്ലോർ ഏരിയയുടെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കേണ്ടത് (per sqare metre of floor area). ആകെ ഫ്ലോർ ഏരിയയോടൊപ്പം കാർഷെഡ്, ടൊയ്‌ലറ്റ്, വാച്ച് & വാർഡ് കാബിൻ മുതലായവയും പെർമിറ്റ് ഫീസ് കണക്കാക്കുന്നതിന് ചേർക്കേണ്ടതാണ്. എന്നാൽ പെരുങ്ങോട്ടുകുറിശ്ശി

ഗ്രാമ പഞ്ചായത്തിൽ 2017-18 സാമ്പത്തിക വർഷം സങ്കേതം സോഫ്റ്റ്‌വെയർ മുഖേനയും മാന്വലായും അനുവദിച്ച മുഴുവൻ കെട്ടിട നിർമ്മാണ പെർമിറ്റുകൾക്കും പെർമിറ്റ് ഫീസ് നിശ്ചയിക്കുന്നതിന് അടിസ്ഥാനമാക്കിയിട്ടുള്ളത് പ്ലിന്ത് ഏരിയയാണ്. കെട്ടിടനിർമ്മാണ ചട്ടത്തിന് വിരുദ്ധമായി പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കി ഫീസ് കണക്കാക്കുന്നത് ശരിയായ നടപടിയല്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ഫ്ലോർ ഏരിയ അടിസ്ഥാനമാക്കി പെർമിറ്റ് ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 26/ 17-18 തിയതി. 21.11.2018)

2) കെട്ടിട നിർമ്മാണ പെർമിറ്റ് ഫീസ് ഈടാക്കുന്നത് നിയമപ്രകാരമല്ല.

പുതിയ കെട്ടിട നിർമ്മാണങ്ങൾക്കുള്ള പെർമിറ്റ് ഫീസായി ഈടാക്കേണ്ടത് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 11(3) പ്രകാരമുള്ള ഷെഡ്യൂൾ II ൽ പരാമർശിച്ചിട്ടുള്ള ഫീസ് നിരക്ക് പ്രകാരമായിരിക്കണം. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ചില കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് ഈടാക്കിയിട്ടുള്ളത് കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 ലെ ചട്ടം 134 പ്രകാരം ക്രമവൽക്കരണത്തിനുള്ള ഫീസ് നിരക്കിലാണ്. ആയത് ചട്ട ലംഘനമാണ്. ചട്ടം 134, 137 എന്നിവ പ്രകാരം ചട്ടങ്ങൾ പാലിച്ചുകൊണ്ടുള്ള പെർമിറ്റ് കൂടാതെയുള്ള നിർമ്മാണത്തിന് മതിയായ രാജിയാക്കൽ ഫീസ്(പ്രാബല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടി) ഈടാക്കിക്കൊണ്ട് സെക്രട്ടറിക്ക് നിർമ്മാണം ക്രമവൽക്കരിക്കാം. എന്നാൽ നിർമ്മാണം പൂർത്തീകരിക്കാത്തതും, നിർമ്മാണം ആരംഭിക്കാത്തതുമായ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പെർമിറ്റ് ഫീസ് മാത്രം ഈടാക്കിയാൽ മതിയെന്നിരിക്കെ പെർമിറ്റ് ഫീസും, രാജിയാക്കൽ ഫീസും കൂടെയുള്ള ആകെ തുക പെർമിറ്റ് ഫീസായി ഈടാക്കിയത് ശരിയായ നടപടിയല്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട ഉടമയുടെ പേര് | പെർമിറ്റ് നം/ തിയതി | തറ വിസ്തീർണ്ണം (ച.മീ) | ഈടാക്കിയ പെർമിറ്റ് ഫീസ് |
|---|---|---|---|---|
| 1 | ഷംസു, നടുവത്തപ്പാറ | 2/17-18, 28.04.2017 | കൊമേഴ്സ്യൽ(എഫ്)-42<br>ഗാർഹികം(എ1)- 144<br>ആകെ- 186 | 1980 |
| 2 | ബാബു, അരുത്തിക്കോട് | 9/17-18, 16.06.2017 | ഗാർഹികം(എ1)- 182.5 | 1643 |
| 3 | വിഷ്ണു, പരുത്തിപ്പുള്ളി | 10/17-18, 23.06.2017 | ഗാർഹികം(എ1)-220.10 | 1981 |

| | | | | |
|---|---|---|---|---|
| 4 | രാമകൃഷ്ണൻ. കെ.വി, പെരുങ്ങോട്ടികുറിശ്ശി | 15/17-18, 24.08.2017 | ഗാർഹികം(എ1)-175.53 | 1580 |
| 5 | സുരേഷ് ബാബു, പരുത്തിപ്പുള്ളി | 16/17-18, 25.08.2017 | ഗാർഹികം(എ1)-374.56 | 3371 |
| 6 | ഫാത്തിമ മുതൽപ്പേർ, ളുമക്കാട് | 18/17-18, 30.08.2017 | കൊമേഴ്സ്യൽ(എഫ്)-268 | 4020 |
| 7 | ചന്ദ്രൻ നായർ, പെരുങ്ങോട്ടുകുറിശ്ശി | 19/1718, 31.08.2017 | ഗാർഹികം(എ1)-150.83 | 1357 |
| 8 | ഗിരീഷ്, മണിയമ്പാറ | 20/17-18, 20.09.2017 | ഗാർഹികം(എ1)-157 | 1413 |
| 9 | ബാലസുബ്രഹ്മണ്യൻ, പരുത്തിപ്പുള്ളി | 24/17-18, 09.10.2017 | കൊമേഴ്സ്യൽ(എഫ്)-42<br>ഗാർഹികം(എ1)- 44<br>ആകെ- 86 | 1088 |
| 10 | പത്മനാഭൻ, പരുത്തിപ്പുള്ളി | 39/17-18, 23.11.2017 | ഗാർഹികം(എ1)-163.31 | 1470 |

മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പെർമിറ്റ് ഇല്ലാതെ ഭാഗികമായോ പൂർണ്ണമായോ പൂർത്തീകരിച്ചവയാണെങ്കിൽ ക്രമവൽക്കരണത്തിനുള്ള നടപടികളാണ് പഞ്ചായത്ത് സ്വീകരിക്കേണ്ടിയിരുന്നത്. എന്നാൽ ക്രമവൽക്കരണം അനുവദിച്ച കെട്ടിടങ്ങളുടെ രജിസ്റ്റർ, അനധികൃത കെട്ടിടങ്ങളുടെ രജിസ്റ്റർ, എന്നിവ പരിശോധിച്ചപ്പോൾ മേൽപ്പറഞ്ഞിട്ടുള്ള കെട്ടിടങ്ങളൊന്നും തന്നെ പ്രസ്തുത രജിസ്റ്ററിൽ ഉൾപ്പെട്ടതായും കെട്ടിട നിർമ്മാണ ചട്ടങ്ങൾ- ചട്ടം 134,135,136,137,138 എന്നിവ പ്രകാരം ക്രമവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായും കാണുന്നില്ല. കെട്ടിടങ്ങൾക്ക് നിർമ്മാണ അനുമതി നൽകുമ്പോൾ നിയമപ്രകാരമുള്ള ഫീസ് ഈടാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 28/17-18, തിയതി. 21.11.2018)

3) സങ്കേതം സോഫ്റ്റ് വെയറിലെ അപാകതകൾ

എ) അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്വെയറുകൾ കാലികമാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 തിയതിയിലെ ജി.ഒ(പി)നം.81/2017/ത.സ്വ.ഭ.വ (എസ്.ആർ.ഒ നം. 675/2017) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം അനുസരിച്ച് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ പെർമിറ്റ് ചട്ടങ്ങൾക്ക് ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതി ചട്ടങ്ങളിലെ ചട്ടം 35 ലെ പട്ടിക 2 ൽ കാറ്റഗറി I, കാറ്റഗറി II വില്ലേജുകളിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകൾക്ക് പരമാവധി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ (F.A.R) പരിധിയും അധികഫീസോടു കൂടി അനുവദിക്കാവുന്ന തറവിസ്തീർണ്ണാനുപാതത്തിന്റെ പരിധിയും ആയതിനാനുപാതികമായ നിരക്കുകളും പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ആയതു പ്രകാരമാണ് വില്ലേജ് II കാറ്റഗറിയിൽ ഉൾപ്പെടുന്ന

പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ നിന്നും പെർമിറ്റ് അനുവദിക്കുന്ന കെട്ടിടങ്ങളുടെ പരാമവധി തറവിസ്തീർണ്ണാനുപാതവും, അധിക തറവിസ്തീർണ്ണാനുപാതത്തിനുള്ള നിരക്കും നിശ്ചയിക്കേണ്ടത്.

2017 ഓഗസ്റ്റ് മാസം മുതൽ ഗ്രാമപഞ്ചായത്തിൽ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായാണ് സ്വീകരിച്ചു വരുന്നത്. തുടർ നടപടികളും ഓൺലൈനായാണ് നടപ്പിലാക്കുന്നത്. 2017-18 ൽ ആകെ 56 കെട്ടിട നിർമ്മാണ പെർമിറ്റുകളാണ് സങ്കേതം സോഫ്റ്റ്‌വെയർ മുഖേന നൽകിയിട്ടുള്ളത്. ചട്ട ഭേദഗതിക്ക്(31.10.2017) ശേഷം 46 അപേക്ഷകളാണ് സോഫ്റ്റ് വെയറിലൂടെ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എല്ലാ കെട്ടിടങ്ങൾക്കും നിർമ്മാണാനുമതി നൽകിയിട്ടുണ്ട്. സോഫ്റ്റ്‌വെയറിൽ നിന്നുള്ള പ്രിന്റ് ചെയ്ത അപേക്ഷകൾ പരിശോധിച്ചതിൽ അധിക ഫീസോടു കൂടി അനുവദിക്കാവുന്ന F.A.R ന് ആനുപാതികമായി ഈടാക്കേണ്ട നിരക്ക് അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 500 രൂപ നിരക്കിൽ എന്ന രീതിയിലാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ മേൽ പറഞ്ഞ ഭേദഗതി ചട്ടപ്രകാരം അധിക തറവിസ്തീർണത്തിന് ചതുരശ്ര മീറ്ററിന് 5000 രൂപ നിരക്കിലാണ് ഈടാക്കേണ്ടത്.

ഓഡിറ്റ് കാലയളവിൽ ലഭിച്ച അപേക്ഷകളിൽ അധിക F.A.R ആവശ്യമായിട്ടുള്ള കെട്ടിടങ്ങൾ ഇല്ല എന്നതിനാൽ നിലവിൽ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ ഭേദഗതി ചട്ടം നിലവിൽ വന്നതിനു ശേഷവും ആയതു പ്രകാരമുള്ള നിരക്കുകൾ കണക്കാക്കാതെ സോഫ്റ്റ്‌വെയറിലെ ഇ – ഫയലിംഗ് മുഖേന ലഭിക്കുന്ന അപേക്ഷകളിലെ രേഖപ്പെടുത്തലുകൾ പ്രകാരമാണ് കണക്കാക്കുന്നത് എങ്കിൽ അത്തരത്തിലുള്ള അപേക്ഷകൾ പരിഗണിക്കപ്പെടുമ്പോൾ F.A.R ന്റെ പരിധി തെറ്റായി നിശ്ചയിച്ചു നൽകുന്നതിനും അധിക F.A.R പെർമിറ്റ് ഫീസിനത്തിൽ വലിയ തോതിൽ വ്യത്യാസപ്പെടാനും ഇടയാക്കുന്നതാണ്. ആയതിനാൽ അതാതു കാലയളവിലെ ഉത്തരവുകൾക്കനുസൃതമായി സോഫ്റ്റ്‌വെയറുകൾ കാലികമാക്കുന്നുണ്ടോ എന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതു, ഐ.കെ.എമ്മിന് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

ബി) സങ്കേതം അപേക്ഷകളിൽ ചട്ടത്തിലില്ലാത്ത വാക്കുകളും നിർവ്വചനങ്ങളും- അപാകത പരിഹരിക്കേണ്ടതാണ്.

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷകൾ പ്രിന്റ് എടുക്കുമ്പോൾ നിയമത്തിലോ ചട്ടത്തിലോ ഇല്ലാത്ത വാക്കുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടു. പെർമിറ്റ് അപേക്ഷയിലെ ( അപ്പന്റിക്സ്- എ) ക്രമ നം.4 ൽ " FAR Area “ എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. ആയതിനെ ചട്ട പ്രകാരമുള്ള യഥാർത്ഥ വാക്കിനാൽ മാറ്റം വരുത്തി അപാകത പരിഹരിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.
(ഓഡിറ്റ് അന്വേഷണം നം. 28/17-18 തിയതി. 21.11.2018)

## 2-11 സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി ഭവന നിധി അക്കൗണ്ട് ആരംഭിക്കേണ്ടത് സംബന്ധിച്ച്

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ എം.എസ്.151/2017/തസ്വഭവ തീയതി 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ,സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ,ഉദ്യോഗസ്ഥർ,കച്ചവടക്കാർ,സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം / വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. അതുപോലെ സി.എസ്.ആർ ഫണ്ട്, വിവിധ തരത്തിലുള്ള മത്സരങ്ങൾ സംഘടിപ്പിക്കൽ,വിവിധ തരത്തിലുള്ള സ്പോൺസർഷിപ്പുകൾ, എം.പി/എം.എൽ.എ വികസന ഫണ്ടുകൾ, നിയമാനുസൃതമായ മറ്റ് രീതികൾ എന്നിങ്ങനെയും ഫണ്ട് ശേഖരിക്കാം. എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സ്ഥാപനത്തിലെ ഏറ്റവും കുറഞ്ഞത് 10% ഭവനങ്ങളുടെയെങ്കിലും നിർമ്മാണത്തിനുള്ള തുക ഇത്തരത്തിൽ കണ്ടെത്താൻ ശ്രമിക്കേണ്ടതാണ്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ ,സ്ഥാപനങ്ങൾ എന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. പെരുങ്ങോട്ടുകുറിശ്ശി ഗ്രാമ പഞ്ചായത്ത് ടി വിഷയത്തിൽ നാളിതുവരെ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 19.11.2018 തിയതിയിൽ ചേർന്ന ഭരണസമിതിയുടെ യോഗത്തിൽ ഭവനനിധി ആരംഭിക്കുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട് എന്ന് അറിയിച്ചിട്ടുണ്ട്. ടി വിഷയത്തിൽ തുടർ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം. 13/2017-18, തിയതി. 15.11.2018)

# ഭാഗം-3

# ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഊർജ്ജിത സാക്ഷരതാ പരിപാടി-മോണിട്ടറിംഗിന് പദ്ധതിഫണ്ട് വകയിരുത്തി അനുവദിച്ചു

പ്രൊജക്റ്റ് നം.119/18

ബിൽ നം.2/25.1.18, തുക-24400

ബിൽ നം.5/24.3.18, തുക-75600

നിർവഹണം-ഹെഡ്മാസ്റ്റർ

ഊർജ്ജിത സാക്ഷരതാ പരിപാടി നടത്തുന്നതിനായി മേൽപ്പറഞ്ഞ ബില്ലുകൾ പ്രകാരം ആകെ 100000 രൂപ വികസനഫണ്ടിൽനിന്ന് ചെലവഴിച്ചിട്ടുണ്ട്.

ഈ പദ്ധതി നിർവഹിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു

എ) 75600 രൂപ പിൻവലിച്ചതിൽനിന്ന് ശ്രീമതി.പ്രേമലത, ശ്രീമതി.ജിൻഷി എന്നീ 2 പേരക് മാർക്ക് 6 മാസത്തെ ക്ലാസുകൾ മോണിട്ടറിംഗ് നടത്തിയ ചെലവിനത്തിൽ പ്രതിമാസം 1000 രൂപ വീതം ആകെ 12000 രൂപ അനുവദിച്ചിരിക്കുന്നു. പ്രൊജക്ടിൽ മോണിട്ടറിംഗ് നടത്തേണ്ടത് വിദ്യാഭ്യാസത്തിന്റെ വർക്കിംഗ് ഗ്രൂപ്പാണെന്ന് വ്യക്തമാക്കിയിരിക്കുന്നു. സർക്കാരിൽനിന്ന് സാക്ഷരതാ പ്രവർത്തനങ്ങൾക്കായി ഹോണറേറിയം കൈപ്പറ്റുന്ന ജീവനക്കാർക്ക് വീണ്ടും മോണിട്ടറിംഗ് എന്നയിനത്തിൽ പദ്ധതി ഫണ്ടിൽനിന്ന് തുക അനുവദിച്ചു നൽകിയത് ക്രമപ്രകാരമല്ല.

ബി)സാക്ഷരതാ ക്ലാസുകൾ നടന്നിട്ടുള്ളത് 18.12.2017 മുതൽ 10.3.2018 തീയതിവരെ മാത്രമാണ്. 6 മാസത്തേക്ക് മോണിട്ടറിംഗ് നടത്തിയതിനാണ് 6000 രൂപ വീതം അനുവദിച്ചിരിക്കുന്നത്.

സി) പതിമൂന്നാം പദ്ധതി മാർഗരേഖയിലെ (ജി.ഒ.(എം.എസ്) 72/2017/തസ്വഭവ തീയതി-29.3.2017) ഖണ്ഡിക 14.3 ലെ ഉപഖണ്ഡിക (2) പ്രകാരം പദ്ധതി ആസൂത്രണ, നിർവഹണ, മോണിട്ടറിംഗ് ചെലവുകൾക്കായി ഓരോ പ്രൊജക്ടിലും തുക വകയിരുത്താനോ ചെലവഴിക്കാനോ പാടില്ല എന്നു വ്യക്തമാക്കിയിട്ടും മോണിട്ടറിംഗ് എന്ന പേരിൽ തുക നൽകിയത് അംഗീകരിക്കുന്നില്ല.

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4/14.11.18) ജില്ലാപഞ്ചായത്ത് പ്രസിഡന്റ് നൽകിയ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് മോണിട്ടറിംഗിന് പ്രസ്തുത തുക നൽകിയതെന്നും ഊർജ്ജിത സാക്ഷരതാപ്രവർത്തനങ്ങൾ 2017 മെയ് മാസം മുതൽ ആരംഭിച്ചു എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മെയ് മാസം മുതൽ ഊർജ്ജിത സാക്ഷരതാപ്രവർത്തനം നടന്നു എന്ന് സാധൂകരിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ മറുപടി അംഗീകരിക്കാൻ നിർവാഹമില്ല. കൂടാതെ ഈ പദ്ധതി ജില്ലാ പഞ്ചായത്തുമായി ചേർന്ന് നടത്തുന്ന സംയുക്ത പദ്ധതിയല്ലാത്തതിനാലും ജില്ലാ പഞ്ചായത്ത് 400000 രൂപയുടെ അടങ്കലിൽ തയ്യാറാക്കിയ പദ്ധതിയുടെ മാർഗനിർദ്ദേശം അനുസരിച്ച് തുക കൈപ്പറ്റി എന്ന വാദവും അംഗീകരിക്കാവുന്നതല്ല.

ഡി) വിദ്യാഭ്യാസത്തിന്റെ ചുമതലയുള്ള ആരോഗ്യ വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പ്, സ്റ്റാൻഡിംഗ് കമ്മറ്റി എന്നിവ പദ്ധതിയുടെ നിർവഹണ ഘട്ടത്തിൽ യാതൊരു ഇടപെടലുകളും നടത്തിയിട്ടില്ല.

പദ്ധതികളുടെ നിർവഹണ വേളയിൽ മോണിട്ടറിംഗ് കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

പദ്ധതി മോണിട്ടറിംഗിനായി സാക്ഷരതാപ്രേരക്കുമാർക്ക് അനുവദിച്ച തുക 12000 രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-2 വിവിധ പരിശീലന കേന്ദ്രങ്ങൾ നിർമ്മിച്ച നൽകിയത് പ്രവർത്തനക്ഷമമാക്കിയില്ല

ഗ്രാമ പഞ്ചായത്ത് പരിധിയിൽ തല്ല പറമ്പ്, പിലാപ്പുള്ളി എന്നീ സ്ഥലങ്ങളിൽ വിവിധ വർഷങ്ങളിലായി പട്ടിക ജാതി വികസനത്തിനു വേണ്ടിയുള്ള ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പരിശീലന കേന്ദ്രങ്ങൾ പദ്ധതിയിൽ ലക്ഷ്യമിട്ട രീതിയിൽ പ്രവർത്തിക്കാതെ നിഷ്ക്രിയ ആസ്തിയായി നിലനിൽക്കുമ്പോൾ അതേ ആവശ്യത്തിനായി വീണ്ടും മറ്റൊരു കെട്ടിടം മണ്ണുവെട്ടുമട കോളനിയിൽ നിർമ്മിച്ചത് അംഗീകരിക്കാവുന്നതല്ല. ഈ കെട്ടിടത്തിലെ ഇലക്ട്രിഫിക്കേഷൻ നടത്തുന്നതിനുവേണ്ടിയുള്ള ഇനം പ്രൊജക്ടിൽ ഉൾപ്പെടുത്തിയിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ടിന്റെ പേര് - യുവജനങ്ങൾക്കുവേണ്ടിയുള്ള ട്രെയിനിങ് സെന്റർ ബിൽഡിങ്

പ്രൊജക്റ്റ് നം. - 99/18

അടങ്കൽ - 325000 (എസ്.സി.പി)

ചെലവ് - 323469

ബിൽ നം. - 84/18/22-3-2018

എം.ബുക്ക് നം. - 67/18(1), 67/18 (2)

മേൽ കെട്ടിടത്തിന്റെ നിജസ്ഥിതി വിലയിരുത്തുന്നതിന്റെ ഭാഗമായി 16.11.2018 ന് 11 മണിക്ക് സുചീന്ദ്രൻ, എൽ.എസ്.ജി.ഡി ഓവർസീയർ, പ്രമോദ്, സീനിയർ ക്ളാർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത കെട്ടിടം നാളിതുവരെ പ്രയോജനപ്പെടുത്തിയിട്ടില്ലെന്ന് ബോധ്യമായി. കെട്ടിടത്തിന് ഇലക്ട്രിക് കണക്ഷൻ ലഭിച്ചിട്ടില്ലെന്നും കെട്ടിടത്തിന്റെ താക്കോൽ വാർഡുമെമ്പറുടെ കൈവശമാണെന്നും പ്രദേശവാസികൾ അറിയിച്ചു. തല്ലപറമ്പ്, പിലാപ്പുള്ളി എന്നീ സ്ഥലങ്ങളിൽ 2015-16 ൽ പണികഴിപ്പിച്ച യുവജന പരിശീലനകേന്ദ്രങ്ങളിൽ ഇന്നുവരെ യാതൊരു പരിശീലന പരിപാടിയും നടന്നിട്ടില്ലെന്നും നിലവിൽ ആർക്കും പ്രയോജനപ്പെടുത്താൻ കഴിയാത്തവിധത്തിൽ അവശേഷിക്കുകയാണെന്നും പ്രദേശവാസികൾ അറിയിച്ചു. ഇതു കൂടാതെ 2015-16 ൽ പ്രവൃത്തി പൂർത്തീകരിച്ച "ഉത്പാദക സംരംഭക വിപണന കേന്ദ്രം" നാളിതുവരെ പ്രസ്തുത ആവശ്യത്തിനായി ഉപയോഗപ്പെടുത്തിയിട്ടില്ല. ഇവ ഉപയോഗപ്പെടുത്തുന്നതിനുവേണ്ടി 200000 രൂപ അടങ്കലിൽ 3HP മോട്ടോർ സ്ഥാപിച്ച് കുടിവെള്ള സൗകര്യം ഒരുക്കിയിട്ടുണ്ടെങ്കിലും ഇവ പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ഇപ്രകാരം നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താതെ അവശേഷിക്കുമ്പോൾ വീണ്ടും അത്തരത്തിലുള്ള

കെട്ടിടമാണ് നിർമ്മിച്ച നൽകിയിട്ടുള്ളത്. ഇവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17 /17-18/തീയതി- 16.11.2018) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങൾ പ്രയോജനപ്പെടുത്താൻ ശ്രദ്ധിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഈ കെട്ടിടങ്ങളെല്ലാം ഉടൻതന്നെ പദ്ധതിയിൽ ലക്ഷ്യമിട്ട രീതിയിൽ പട്ടിക വിഭാഗം യുവാക്കളുടെ പരിശീലനപരിപാടിക്കായി പ്രയോജനപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 ഒരു പ്രവൃത്തിയ്ക്ക് 3 പ്രൊജക്ക്റ്റ് ആവിഷ്കരിച്ച് ഇ-ടെന്റർ ഒഴിവാക്കിയ നടപടി ക്രമപ്രകാരമല്ല

പെരുമലക്കളം കോളനി സംരക്ഷണ പ്രവൃത്തികൾ എന്ന പേരിൽ റോഡ് സൈഡ് സംരക്ഷണത്തിനുവേണ്ടി 103/18, , 180/18, 181/18 എന്നീ പ്രൊജക്ടുകളിലായി യഥാക്രമം 400000, 490000, 145000 തുകകൾ വകയിരുത്തി പ്രവൃത്തി ചെയ്തിട്ടുണ്ട്. ആകെ 10,35,000 രൂപ അടങ്കലുള്ള പ്രവൃത്തിയെ ഇ- ടെന്റർ ചെയ്യുന്നതിനു പകരം വിവിധ പ്രൊജക്റ്റുകളാക്കി തിരിച്ച് ടെന്റർ ചെയ്യുകയാണുണ്ടായത്. ഇവയെല്ലാം ഒരേ കരാറുകാരൻ തന്നെ ഏറ്റെടുക്കുകയും ഒരേ ദിവസം പ്രവൃത്തി പൂർത്തീകരിക്കുകയുമാണ് ചെയ്തിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | 103/18 | 180/18 | 181/18 |
|---|---|---|---|
| അടങ്കൽ | 400000 | 490000 | 145000 |
| ചെലവ് | 400000 | 488898 | 145000 |
| ബിൽ നം. | 21/17-18/ 12.12.17 | 22/17-18/ 12.12.17 | 20/17-18/ 12.12.17 |
| എം.ബുക്ക് നം. | 37/18 | 42/18 | 43/18 |
| ടെന്റർ ഫോറം വിതരണ തീയതി | 4.10.2018 | 4.10.2018 | 4.10.2018 |

| | | | |
|---|---|---|---|
| | | | |
| ടെന്റർ തുറന്ന തീയ്യതി | 5.10.2018 | 5.10.2018 | 5.10.2018 |
| എഗ്രിമെന്റ് തീയ്യതി | 13.10.2018 | 13.10.2018 | 13.10.2018 |
| പ്രവൃത്തി പൂർത്തീകരിച്ച തീയ്യതി | 2.11.2018 | 2.11.2018 | 2.11.2018 |
| കരാറുകാരൻ | അരവിന്ദാക്ഷൻ.എസ് | അരവിന്ദാക്ഷൻ.എസ് | അരവിന്ദാക്ഷൻ.എസ് |

മത്സര സ്വഭാവത്തിലുള്ള ടെന്ററുകൾ ലഭ്യമാക്കി സ്ഥാപനത്തിന് കൂടുതൽ ലാഭം ഉണ്ടാക്കുകയും അതിലൂടെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് 500000 രൂപയിൽ കൂടുതൽ അടങ്കലുള്ള പ്രവൃത്തിക്ക് സർക്കാർ ഇ- ടെന്റർ നിർബന്ധമാക്കിയത്. സർക്കാർ ഉത്തരവിനെ മറികടക്കാൻ ഒരു പ്രവൃത്തിയെ വിവിധ പദ്ധതികളാക്കിയ നടപടി ക്രമപ്രകാരമല്ല.

ഇവയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17 /17-18/തീയതി- 16.11.2018) ലഭ്യമാക്കിയ മറുപടിയിൽ ഇ-ടെന്റർ നടപടിക്രമങ്ങളിൽ വരുന്ന കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്തിട്ടുള്ളത് എന്നും ഭാവിയിൽ ഇവ ആവർത്തിക്കില്ലെന്നും അറിയിച്ചിട്ടുണ്ട്. ഇത്തരം അപാകങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ആവർത്തിക്കുന്നപക്ഷം ആയത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 3-4 പ്രൊക്യൂർമെന്റ് മാർഗനിർദ്ദേശം പാലിക്കാതെ വാങ്ങലുകൾ നടത്തി

2017-18 വർഷത്തിൽ എസ് സി വിഭാഗത്തിൽപ്പെട്ട വൃദ്ധർക്കും ജനറൽ വിഭാഗത്തിൽപ്പെട്ട വൃദ്ധർക്കും ഒരേ സ്പെസിഫിക്കേഷനിലുള്ള കട്ടിലുകൾ വാങ്ങുന്നതിനായി രണ്ട് പ്രൊജക്റ്റുകൾ ആവിഷ്കരിച്ച് പ്രത്യേകം ടെണ്ടർ നടത്തി വാങ്ങിയതിനാൽ വിലവ്യത്യാസം ഉണ്ടായി.

എസ് സി വിഭാഗത്തിൽപ്പെട്ടവരുടെ കട്ടിൽ വാങ്ങുന്ന പദ്ധതി അസി.സെക്രട്ടറിയും ജനറൽ പദ്ധതി ഐ സി ഡി എസ് സൂപ്പർവൈസറുമാണ് നിർവഹണം നടത്തിയിരിക്കുന്നത്. രണ്ടു പദ്ധതികളിലും ഒരേ സ്പെസിഫിക്കേഷനിലുള്ള സ്റ്റീൽ കട്ടിലാണ് വാങ്ങിയിട്ടുള്ളത്. വാങ്ങലുകളിൽ പ്രൊക്യൂർമെന്റ് മാർഗ്ഗരേഖയുടെ ലംഘനം ഉണ്ടായതുമൂലം പഞ്ചായത്തിന് നഷ്ടം ഉണ്ടായതായി കണ്ടെത്തിയിട്ടുണ്ട്. പദ്ധതിയുടെയും ടെണ്ടർ നടത്തിയതിന്റെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് നം. | പേര് | അടങ്കൽ തുക | ടെണ്ടർ പരസ്യം | ടെണ്ടർ തീയതി | ടെണ്ടർ അംഗീകരിച്ച തീയതി | സ്പെസിഫിക്കേഷൻ | അംഗീകരിച്ച നിരക്ക് | വാങ്ങിയ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|---|---|---|---|---|
| 192/18 | വയോജനങ്ങൾക്ക് കട്ടിൽ (ജനറൽ) | 426250 | 1.12.17 | 12.12.17 | 27.12.17 | 1.98 നീളം, 90വീതി, മുൻ കാൽ നീളം60 സെ.മീ, പിൻ കാൽ നീളം | 4174 | 102 | 425748 |
| 124/18 | വൃദ്ധർക്ക് കട്ടിൽ (എസ് സി) | 700000 | 20.12.17 | 17.1.2018 | 24.1.18 | 1.98 നീളം, 90വീതി, മുൻ കാൽ നീളം60 സെ.മീ, പിൻ കാൽ നീളം 50 സെ.മീ | 2975 | 235 | 595000 (ഇ ടെണ്ടർ) |

ജനറൽ പദ്ധതി പ്രകാരം ടെണ്ടർ ക്ഷണിച്ചതിൽ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ദാസ് ഏജൻസീസ് എന്ന സ്ഥാപനത്തിൽനിന്നും എസ് സി പദ്ധതി പ്രകാരം കെ എസ് ഐ ഇ എന്ന സ്ഥാപനത്തിൽനിന്നുമാണ് കട്ടിലുകൾ വാങ്ങിയിരിക്കുന്നത്.

വാങ്ങലുകൾ നടത്തിയതിൽ താഴെപ്പറയുന്ന അപാകതകൾ ഉണ്ടായിരിക്കുന്നു.

1) ഒരു സാമ്പത്തികവർഷത്തിൽ വാങ്ങേണ്ടിവരുന്ന സാധനങ്ങളുടെ മൊത്തത്തിലുള്ള കണക്കെടുപ്പ് സാമ്പത്തിക വർഷാരംഭത്തിൽതന്നെ നടത്തുകയും ബാധകമായ നടപടിക്രമമനുസരിച്ച് സമാഹരണനടപടി ആരംഭിക്കുകയും ചെയ്യേണ്ടതാണ്. പ്രൊക്യൂർമെന്റ് പ്ലാൻ തയ്യാറാക്കുന്ന നടപടികളുടെ വിവിധ നിബന്ധനകളിൽ ഫർണിച്ചർ, ഓഫീസ് ഉപകരണം എന്നിവയുടെ കാര്യത്തിൽ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒരുമിച്ച് വാങ്ങേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെ രണ്ട് സമാന്തരടെണ്ടറുകൾ നടത്തിയാണ് വാങ്ങലുകൾ നടത്തിയത്.

2) പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ 22.6.17തീയതിയിലെ മീറ്റിംഗിൽ അസി.സെക്രട്ടറിയുടെ പദ്ധതി ഇ-ടെണ്ടർ മുഖേന വാങ്ങാൻ തീരുമാനിച്ചു എന്നു മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇതേ തീയതിയിലെ തീരുമാനത്തിൽതന്നെയാണ് ഐ സി ഡി എസ് സൂപ്പർവൈസറുടെ പദ്ധതിയും ടെണ്ടർ മുഖേന വാങ്ങുന്നതിന് നിർവഹണോദ്യോഗസ്ഥയെ ചുമതലപ്പെടുത്തി തീരുമാനിച്ചിരിക്കുന്നത്.

3) ടെണ്ടറുകൾ പ്രൊക്യൂർമെന്റ് കമ്മറ്റിയിൽ ചർച്ചചെയ്യാതെ നേരിട്ട് ഭരണസമിതി അംഗീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ഇത്തരത്തിലുള്ള നടപടി സ.ഉ(പി)നം.259/2010 /തസ്വഭവ തിയതി 08-11-2010 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖയുടെ ലംഘനമാണ്.

4) രണ്ട് ടെണ്ടറുകളിലും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യത്യസ്ത വിതരണക്കാരനാണ് ഓരോ ടെണ്ടറും ഉറപ്പിച്ചു നൽകിയിട്ടുള്ളത്. രണ്ട് ടെണ്ടറുകളിലേയും കുറഞ്ഞ നിരക്കുകൾ തമ്മിലുള്ള വ്യത്യാസം 1199 രൂപയാണ്. രണ്ടു പർച്ചേസും ഒന്നിച്ചു നടത്തിയിരുന്നുവെങ്കിൽ ഈ ഇനത്തിൽ 122298 (1199*102) രൂപ ലാഭിക്കാമായിരുന്നു.

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 തെരുവ് വിളക്ക് പരിപാലനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

വൈദ്യുതി ബോർഡിന്റെ 2018 മാർച്ച് മാസത്തെ കണക്കനുസരിച്ച് പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ താഴെ പറയുന്ന തെരുവുവിളക്കുകളാണ് നിലവിലുള്ളത്. ആയതിന്റെ

അടിസ്ഥാനത്തിലാണ് വൈദ്യുത ചാർജ് അടവാക്കുന്നത്.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് |
|---|---|---|---|
| 1 | മീറ്ററിംഗ് നടത്തിയ ലൈറ്റുകൾ | 45 | റീഡിംഗിംന്റെ അടിസ്ഥാനത്തിൽ |
| 2 | ഡബിൾ ട്യൂബ് 2*40 W | 37 | 134 |
| 3 | സോഡിയം വേപ്പർ ലാമ്പ് - 250 W | 17 | 447 |
| 4 | സി.എഫ്.എൽ - 18 W | 34 | 32 |
| 5 | സാധാരണ ബൾബ് 40 W | 48 | 66 |
| 6 | എൽ ഇ ഡി | 23 | 14 |

2017-18 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വർഷം തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ്ജ് 989617 രൂപയാണ്.

കെ എസ് ഇ ബിയുടെ കണക്ക് പ്രകാരം ആകെ 45 തെരുവ് വിളക്കുകൾക്കു മാത്രമാണ് മീറ്ററിംഗ് ഏർപ്പെടുത്തിയിട്ടുള്ളത്. 48 സാധാരണ ബൾബുകൾക്ക് 66 രൂപ നിരക്കിൽ ഇപ്പോഴും മീറ്റർ സ്ഥാപിക്കാതെ Burning Hours ന്റെ അടിസ്ഥാനത്തിൽ വൈദ്യുതി ചാർജ്ജ് അടവാക്കി വരുന്നു. 2017-18 വർഷത്തിൽ തെരുവ് വിളക്കിന് എ എം സി നൽകിയിട്ടുള്ളതിൽ ഒരെണ്ണത്തിൽപോലും സാധാരണ ബൾബ് ഫിറ്റ് ചെയ്യുകയോ റിപ്പയർചെയ്യുകയോ ഉണ്ടായിട്ടില്ല. കെ എസ് ഇ ബി യിൽ സാധാരണ ബൾബിന്റെ നിരക്ക് പ്രകാരം തുക അടവാക്കുന്നത് പരിഹരിക്കുന്നതിന് യാതൊരു പരിഹാരനടപടികളും സ്വീകരിച്ചിട്ടില്ല.

പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ തെരുവുവിളക്കുകളുടെ പരിപാലനത്തിനായി 2017-18 വർഷത്തിൽ 299390 രൂപയും പുതിയ തെരുവ് വിളക്ക് വാങ്ങി സ്ഥാപിക്കുന്നതിനായി 275000 രൂപയും ചെലവഴിച്ചിട്ടുണ്ട്. തനത് ഫണ്ടിൽനിന്നും തുക വകയിരുത്തിയാണ് പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

| ക്രമ നം. | പ്രൊജക്റ്റ് നമ്പറും,പേരും | ചെലവ് | | റിമാർക്സ് | ഇൻവോയ്സ് നം. |
|---|---|---|---|---|---|
| | | തുക (₹) | ബിൽ നം.& തീയതി | | |
| 1 | 130/18, സ്ട്രീറ്റ് ലൈറ്റ് വാങ്ങൽ<br>(സ്പിൽ ഓവർ) | 275000 | ചെക്ക് നം.1852315/31.10.17 തനത് ഫണ്ട് | 200 സിംഗിൾ ട്യൂബും അനുബന്ധ ഉപകരണങ്ങളും വാങ്ങിയത് | എഡിസൺ ഇലക്ട്രോണിക്സ്<br>36/15.3.17 |
| 2 | 131/18, തെരുവ് വിളക്കുകളുടെ പരിപാലനം | 299390 | ചെക്ക് നം.<br>1852361/21/9-02-18 -101925 | തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി | ഇൻവോയ്സ് നം.ഇല്ല, തീയതി- 12.10.17 |

| | | | | | |
|---|---|---|---|---|---|
| | | | പേമെന്റ് വൗച്ചർനം. 21700457/20.9.2017<br><br>ചെക്ക് നം. 1852346/20.9.2017-197465<br><br>(തനത് ഫണ്ട്) | | ഇൻവോയ്സ് നം.ഇല്ല, തീയതി-25.8.2017 |

വിവിധ രേഖകളുടെ പരിശോധനയിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

തെരുവ് വിളക്ക് വാങ്ങൽ

വാർഷികകരാറിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാരൻ മുഖേനയല്ലാതെ സ്ഥാപനം തന്നെ ഫിറ്റ് ചെയ്യുന്നതിനുള്ള നിരക്ക് ഉൾപ്പെടെയാണ് തുക അനുവദിച്ചിട്ടുള്ളത്. പുതിയതായി വാങ്ങിയ 200 വിളക്കുകളും അനുബന്ധ ഉപകരണങ്ങളും സ്റ്റോക്ക് രജിസ്റ്ററിൽ വരവ് രേഖപ്പെടുത്തിയിട്ടില്ല. ആയത് എവിടെയെല്ലാമാണ് സ്ഥാപിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുന്ന രേഖകളും സൂക്ഷിച്ചിട്ടില്ല. വാങ്ങിയ ലൈറ്റുകൾ പോസ്റ്റുകളിൽ സ്ഥാപിച്ചതായി അതാത് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുക 275000 രൂപ തടസപ്പെടുത്തുന്നു

തെരുവ് വിളക്ക് പരിപാലനം

തെരുവ് വിളക്ക് അറ്റകുറ്റപ്പണിക്കായി 2016-17 വർഷത്തിൽ ബെസ്റ്റ് പവർ സിസ്റ്റംസ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയിരിക്കുന്നത്. 27.12.2016 തീയതിയിലാണ് രേഖകൾ പ്രകാരം ടെണ്ടർ നടന്നിരിക്കുന്നത്. ഏതു കാലയളവ് വരെയാണ് എ എം സി കാലയളവെന്ന് വ്യക്തമാക്കാതെയാണ് ടെണ്ടർ നടന്നിരിക്കുന്നത്. സാധനങ്ങൾ സപ്ലൈ ചെയ്ത് ഫിറ്റ് ചെയ്യുന്നതിനുള്ള നിരക്കാണ് അംഗീകരിച്ചുനൽകിയിരിക്കുന്നത്. 2017-18 വർഷത്തിൽ 126 ട്യൂബുകളും 58 സി എഫ് എൽ വിളക്കുകളും 22 സോഡിയം വേപ്പർ ലാമ്പുകളും റിപ്പയർ ചെയ്തതിനാണ് തുക അനുവദിച്ചിട്ടുള്ളത്.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട അപാകതകൾ

1) തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കുന്നതിന് കെ എസ് ഇ ബിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തിയിട്ടില്ല. സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

2) വിളക്കുകളുടെ കൃത്യമായ എണ്ണം കണക്കാക്കി ആയതിനനുസരിച്ചല്ല വാർഷിക അറ്റകുറ്റപ്പണിക്ക് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. കെ എസ് ഇ ബി യുടെ കണക്കുപ്രകാരമുള്ളതിനെക്കാൾ അധികം വിളക്കുകൾ റിപ്പയർ ചെയ്തതായി കാണിച്ച് കരാറുകാരന് തുക അനുവദിച്ചിരിക്കുന്നു.

ഉദാ:

സോഡിയം വേപ്പർ ലാമ്പ് നിലവിലുള്ളത്-17

റിപ്പയർ ചെയ്തത്-22

3) റിപ്പയർ ചെയ്ത തെരുവ് വിളക്കുകളുടെ എണ്ണം, ഇനം, റിപ്പയർ ചെയ്ത കാലയളവ് എന്നിവ സംബന്ധിച്ച് വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

4) കേടുപാടുകൾ സംഭവിച്ച തെരുവുവിളക്കുകളും അനുബന്ധ ഉപകരണങ്ങളും കരാറുകാരൻ തിരികെ പഞ്ചായത്തിൽ ഏൽപിക്കുയോ ആയത് ലേലം ചെയ്ത് ഗ്രാമപഞ്ചായത്തിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടിയോ സ്വീകരിച്ചിട്ടില്ല.

5) വാർഷികകരാറിലേർപ്പെട്ട കരാറുകാരനുമായി എഗ്രിമെന്റ് വെയ്ക്കുന്നതിന് മുദ്രപ്പത്രം വാങ്ങി സൂക്ഷിച്ചിട്ടുണ്ടെങ്കിലും കരാറിൽ വ്യവസ്ഥകളൊന്നും രേഖപ്പെടുത്തികാണുന്നില്ല. ഏത് കാലയളവ് വരെയാണ് എ എം സി എന്ന് കരാറിലോ ടെണ്ടറിലോ രേഖപ്പെടുത്തിയിട്ടില്ല

6) എ എം സി നൽകിയ കരാറുകാരന് തുക അനുവദിച്ചപ്പോൾ നിയമാനുസൃതം ഈടാക്കേണ്ട 1% ആദായനികുതി ഈടാക്കിയിട്ടില്ല. ആകെ നൽകിയ തുകയായ 299390 രൂപയുടെ ആദായനികുതി തുക 2994 രൂപ ഈടാക്കി അടവാക്കേണ്ടതാണ്.

7) പദ്ധതി മാർഗരേഖയിൽ അതാതു വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി ആസൂത്രണത്തിനുശേഷം മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ മോണിട്ടറിംഗ് നടത്തിയിട്ടില്ല.

തെരുവ് വിളക്ക് പരിപാലനവുമായി ബന്ധപ്പെട്ട അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/21.11.2018) മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

# 3-6 <u>പൊതുടാപ്പുകളുടെ സംരക്ഷണം സംബന്ധിച്ച്.</u>

പെരിങ്ങോട്ടുകറിശ്ശി ഗ്രാമപഞ്ചായത്തിൽ 121 പൊതു ടാപ്പുകൾ നിലവിലുണ്ട്. ഇതിനായി പ്രതിമാസം 52938/- രൂപ വീതം തനത് ഫണ്ടിൽ നിന്നും ജല അതോറിറ്റിക്ക് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇപ്രകാരം ഗ്രാമപഞ്ചായത്ത് പ്രതിവർഷം 635256/- രൂപ ഈ ഇനത്തിൽ ചെലവഴിക്കുന്നുണ്ട്. ഇത്തരത്തിൽ തുക ചെലവഴിക്കുന്നത് കൃത്യമായ സ്ഥിതിവിവരക്കണക്കുകളെ അടിസ്ഥാനമാക്കിയാണോ എന്ന് ഓഡിറ്റിന് വിലയിരുത്തേണ്ടിയിരിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കുടിവെള്ള വിതരണ സംവിധാനം കാര്യക്ഷമമാക്കുന്നതിനായി സ.ഉ (സാധാരണ) നം.1275/09/ ത.സ്വ.ഭ.വ തിയതി 30-5-2009 പ്രകാരം വിശദമായ മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ജല അതോറിറ്റി പരിപാലിക്കുന്ന പൊതുടാപ്പുകളിലൂടെയുള്ള ജലവിതരണത്തിന്റെ ചെലവ് വഹിക്കുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളായതിനാൽ ജല അതോറിറ്റിയിലെ ഉദ്യോഗസ്ഥരുടെ സഹായത്തോടെ ഭൗതിക പരിശോധന നടത്തി ആകെയുള്ള പൊതു ടാപ്പുകൾ, ജലം ലഭ്യമാകുന്ന ടാപ്പുകൾ, പ്രവർത്തനക്ഷമമല്ലാത്ത ടാപ്പുകൾ എന്നിവയുടെ വിവരങ്ങൾ ശേഖരിക്കേണ്ടതാണെന്നും ഉപയോഗിക്കുന്ന ജലത്തിന് മാത്രമാണ് പണം

നൽകുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണെന്നും പ്രസ്തുത ഉത്തരവിൽ നിർദ്ദേശം നൽകിയിരുന്നു. പൊതു ടാപ്പുകളുടെ കൃത്യത പരിശോധിക്കുന്നതിലേക്ക് പഞ്ചായത്ത് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധനാ നടത്തിയിട്ടുണ്ടെങ്കിൽ ടി റിപ്പോർട്ട് പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണെന്നും ഓഡിറ്റ് അന്വേഷണത്തിലൂടെ (5/17-18 തീയതി 15.11.2018) ആവശ്യപ്പെട്ടിരിന്നു. ആയതിനു മറുപടിയായി 7-10-2009 ൽ ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് പരിശോധന നടത്തിയതിൽ 224 എണ്ണമായിരുന്നത് പരിശോധനയിൽ 121എണ്ണമായി കുറഞ്ഞിട്ടുണ്ട് എന്നും 19-11-2018ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം ഉടൻതന്നെ സംയുക്തപരിശോധന നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മറുപടി നല്കിയിട്ടുണ്ട്. പരിശോധനാ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-7 ആശ്രയപദ്ധതി അധികം പിൻവലിച്ച തുക തിരിച്ചടക്കേണ്ടതാണ്

പ്രൊജക്ട് നം.141/18

നിർവഹണം- അസി.സെക്രട്ടറി

പദ്ധതി അടങ്കൽ - 5,40,000.00

ചെലവ് - 2,70,000.00

ബിൽ വിവരങ്ങൾ

6/14.9.2017 - 90000.00

8/16.12.2017 - 60000.00

10/25.1.2018 - 60000.00

15/24.3.2018 - 60000.00

2016-17 വർഷത്തിൽ ആരംഭിച്ചതും നടപ്പുവർഷം സ്പിൽഓവർപദ്ധതിയായി നടപ്പിലാക്കിയതുമായ ആശ്രയഭവന പദ്ധതിക്കായി അമ്മു,വെങ്കലത്തൊടി,ചൂലന്നൂർ എന്ന ഗുണഭോക്താവിന് വീട് നിർമാണത്തിന് അനുവദിക്കേണ്ട യൂണിറ്റ് കോസ്റ്റായ 3 ലക്ഷം രൂപ അനുവദിക്കുന്നതിനുപകരം 330000 രൂപ പിൻവലിച്ചിട്ടുണ്ട്. അവസാനഗഡുവായി 30000 രൂപ നൽകുന്നതിനു പകരമായി ബിൽനം. 15/24.3.18 പ്രകാരം 60000 രൂപ ടിയാരിയുടെ 4337001700072486 എന്ന അക്കൗണ്ടിലേക്ക് നൽകുന്നതിനായി പിൻവലിച്ചെങ്കിലും 30000 രൂപ മാത്രം ഗുണഭോക്താവിന് നൽകുകയും ബാക്കിയുള്ള 30000 രൂപ ഗ്രാമപഞ്ചായത്തിന്റെ 4337000100127699 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന് 3.4.18ന് പഞ്ചാബ് നാഷണൽ ബാങ്കിന് കത്ത് നൽകുകയും ചെയ്തിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അധികമായി അനുവദിച്ച 30000 രൂപ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിനായുള്ള മേൽപ്പറഞ്ഞ അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. പദ്ധതിഫണ്ടിൽനിന്നും പിൻവലിച്ച തുക പ്രസ്തുത ആവശ്യത്തിനായി

വിനിയോഗിച്ചിട്ടില്ലെങ്കിൽ ആ വർഷം തന്നെ തിരിച്ചടക്കേണ്ടതാണ്. പദ്ധതി തുക തനത് ഫണ്ടിൽ സൂക്ഷിച്ചത് ശരിയായ നടപടിയല്ല. തുക തിരിച്ചടച്ച് രേഖകൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ( ഓഡിറ്റ് അന്വേഷണം നം 20/ 19.11.2018) തുക തിരിച്ചടക്കുന്നതിനുള്ള നടപടികൾ ഉടൻ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 3-8 പട്ടികജാതിവിദ്യാർത്ഥികൾക്ക് പഠനമുറി- പദ്ധതി പൂർത്തീകരിച്ചിട്ടില്ല

പ്രൊജക്ട് നം. 210/18

അടങ്കൽ-1600000.00

ചെലവ്- 650000.00 (ബിൽ നമ്പർ 14/24.3.2018-650000.00)
നിർവഹണം- അസി.സെക്രട്ടറി

പട്ടികജാതിവിഭാഗത്തിൽപ്പെട്ട വിദ്യർത്ഥികൾക്ക് പഠനമുറി നിർമിക്കുന്നതിനായി ധനസഹായം നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടത്. പദ്ധതിപ്രകാരം 2017-18 വർഷത്തിൽ 13 ഗുണഭോക്താക്കളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്. 13 പേർക്കും ആദ്യഗഡുവായ 50000 രൂപ അനുവദിച്ചിട്ടുണ്ട്. 11 പേർ 2018-19 വർഷത്തിൽ രണ്ടാംഗഡു തുക കൈപ്പറ്റി പഠനമുറി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന 2 ഗുണഭോക്താക്കളുടെ പഠനമുറി നാളിതുവരെയും പൂർത്തീകരിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും |
|---|---|
| 1 | ഹരിത,D/oരുഗ്മിണി,ചെട്ടിയൻകാട്,നട്ടുവത്തപ്പാറ |
| 2 | ഉണ്ണിമായ, പഞ്ചാരക്കാട്,നായാടിക്കോളനി |

പദ്ധതി പൂർത്തിയാക്കാത്തതിന്റെ കാരണം ആരാഞ്ഞ് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് 2018 വർഷത്തിൽത്തന്നെ പൂർത്തീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. (ഓഡിറ്റ് അന്വേഷണം നം 20/19.11.2018)

## 3-9 പദ്ധതി പൂർത്തീകരിച്ച് വിനിയോഗരേഖകൾ ലഭ്യമാക്കണം

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികൾ നിർവ്വഹിച്ചിട്ടുണ്ട്.

എ)പ്രൊജക്ട് നം. 195/18 ഭാരതപ്പുഴ നദീതട പുനരുജ്ജീവന മാസ്റ്റർപ്ലാൻ

തയ്യാറാക്കുന്നതിനായി ബിൽനം.17/29.11.17 പ്രകാരം 100000 രൂപ വികസനഫണ്ടിൽനിന്നും പിൻവലിച്ച് പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 799011400002200 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്.

ബി)താഴെപ്പറയുന്ന ഡെപ്പോസിറ്റ് പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം ഉറപ്പാക്കേണ്ടതും വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്

വിവിധ പ്രവൃത്തികൾക്കായി താഴെപ്പറയുന്ന തുകകൾ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണം ഉറപ്പാക്കുകയോ തുകയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | പ്രൊജക്റ്റ് നം. | പ്രൊജക്റ്റ് | ട്രഷറി ബിൽ നം. | തുക | തുക നൽകിയ സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 172/18 | പെരുമലക്കളം കുടിവെള്ള പദ്ധതി-3 ഫേസ് സ്ഥാപിക്കൽ | 12/26.9.17 | 150000 | അസി. എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, പെരുങ്ങോട്ടു കുറിശ്ശി | |
| 2 | 126/18 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 15/27.11.17<br>25/24.1.18 | 250577<br>54780 | അസി. എഞ്ചിനീയർ ,ഇലക്ട്രിക്കൽ സെക്ഷൻ, പെരുങ്ങോട്ടുകുറിശ്ശി | 294185 രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി യിട്ടുണ്ട്. |

ഡെപ്പോസിറ്റ് പ്രവൃത്തികൾ എഗ്രിമെന്റ് കാലാവധിയായ മാർച്ച് മാസത്തിൽ തന്നെ പദ്ധതി പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതും പ്രവൃത്തി പൂർത്തീകരണ രേഖകളും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതുമാണ്.

## 3-10 കോളനിക്കു പുറത്തുള്ള റോഡ് പ്രവൃത്തിക്ക് എസ്.സി.പി ഫണ്ട് ഉപയോഗിച്ചു

എസ്.സി.പി ഫണ്ട് ഉപയോഗിച്ചുകൊണ്ടുള്ള നിർമ്മാണപ്രവർത്തനങ്ങൾ കോളനിക്കകത്തുമാത്രമേ ചെയ്യാൻ പാടുള്ളൂ എന്ന 72/17/ത.സ്വ.ഭ.വ. തീയതി 29.3.2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം അവഗണിച്ച് കോളനിക്കു വെളിയിലായി റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനുമായി എസ്.സി ഫണ്ട് ഉപയോഗിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല. ഇത്തരത്തിൽ ഫണ്ട് ഉപയോഗിക്കുന്നപക്ഷം സർക്കാരിൽ നിന്നും മുൻകൂർ

അനുമതി വാങ്ങിക്കണമെന്ന

നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

പ്രൊജക്ട് - പെരുമലക്കളം റോഡ് സംരക്ഷണ പ്രവൃത്തികൾ

പ്രൊജക്ട് നം. - 21/18

അടങ്കൽ - 525200

ചെലവ് - 521081

ബിൽ നം. - 78/17-18/19-3-2018

എം.ബുക്ക് നം. - 79/18

കരാറുകാരൻ - രമേഷ്.കെ.വി,കാവശ്ശേരി

16.11.2018 ന് 11 മണിക്ക് സുചീന്ദ്രൻ, എൽ.എസ്.ജി.ഡി ഓവർസീയർ, പ്രമോദ്, സീനിയർ ക്ളാർക്ക് എന്നിവരുടെ സാന്നിധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പ്രാദേശിക പരിശോധനയിൽ പ്രസ്തുത പ്രവൃത്തി കോളനിക്കു പുറത്താണ് നടത്തിയതെന്ന് ബോധ്യമായി. എന്നാൽ പദ്ധതിപ്രദേശം കോളനി നിവാസികളുടെ മാത്രം ഉപയോഗപ്രദേശമാണെന്നും റോഡ് സംരക്ഷണ പ്രവൃത്തിചെയ്യതിലൂടെ കോളനിയെ കോട്ടായി - പെരുങ്ങോട്ടുകുറുശ്ശി റോഡുമായി ബന്ധിപ്പിക്കുന്ന കോട്ട റോഡിലേക്കുള്ള എളുപ്പവഴി സാധ്യമാക്കാൻ കഴിയുന്ന വിധത്തിലുള്ള പുതിയ ഗതാഗതമാർഗ്ഗം ഉണ്ടാക്കാൻ സഹായകമാണെന്നും ഓഡിറ്റിന് ബോധ്യമായി.

കോളനിക്കു പുറത്ത് റോഡ് നിർമ്മാണത്തിനും സംരക്ഷണത്തിനുമായി എസ്.സി ഫണ്ട് ഉപയോഗിച്ചിട്ടുള്ളതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19 /17-18/തീയതി- 16.11.2018) ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത റോഡ് പൂർണ്ണമായും കോളനി നിവാസികൾക്ക് പ്രയോജനപ്രദമായിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. നിർമ്മാണപ്രവർത്തനങ്ങൾ കോളനിക്കു പുറത്താണെങ്കിൽ സർക്കാരിൽ നിന്നും പ്രത്യേക അനുമതി വാങ്ങാത്തിടത്തോളം എസ്.സി.പി ഫണ്ട് ഉപയോഗിക്കുന്നത് ക്രമപ്രകാരമല്ല. മേലിൽ ഇത്തരം അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 <u>ക്ഷീര വികസനം-പാൽ സബ്സിഡി അപാകതകൾ</u>

ക്ഷീര വികസന പരിപാടിയുടെ ഭാഗമായി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് ഏപ്രിൽ, മേയ്, ജൂൺ എന്നീ മാസങ്ങളിലെ പാലളവിന് 3/-രൂപാ നിരക്കിലും ജൂൺ മാസം 15 മുതൽ ജൂലായ് 5വരെ പാലളവിന് 2/-രൂപാ നിരക്കിലും സബ്സിഡി തുക വിതരണം ചെയ്യിട്ടുണ്ട്. 13-ാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ സർക്കാർ ഉത്തരവ് (എം.എസ്) 80/2017 ത.സ്വ.ഭ.വ. 3.4.2017 പ്രകാരം ഡിപ്പാർട്ട്മെന്റ് ഫണ്ട് (1/-രൂപ ) തുകയോടൊപ്പം ആകെ സബ്സിഡി തുക ലിറ്ററിന് നാലു

രൂപ നിരക്കിൽ വിതരണം ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. അർഹമായ മുഴുവൻ ധനസഹായവും ലഭ്യമാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം 3/14.11.18 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താവിനുതന്നെ തുക ലഭ്യമാകുന്നുണ്ടെന്നതിനുള്ള തെളിയിക്കുന്ന രേഖകൾ കൂടി ഫയലിൽ ലഭ്യമാക്കേണ്ടതാണ്.

## 3-12 ടെൻഡർ ഫോറങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ വിവിധ പ്രവൃത്തികൾക്കുവേണ്ടിയുള്ള ടെൻഡർ ഫോറങ്ങൾ പഞ്ചായത്തിൽ നിന്നും വിതരണം ചെയ്തിട്ടുണ്ടെങ്കിലും അവയുടെ സ്റ്റോക്ക് സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ കൃത്യമാക്കിയിട്ടില്ല. അസി.എഞ്ചിനീയർ സൂക്ഷിക്കുന്ന രശീതി പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 176 ടെൻഡർ ഫോറങ്ങൾ വിവിധ കരാറുകാർക്ക് വിതരണം ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭിച്ച ടെൻഡർ ഫോറങ്ങളുടെ വിവരങ്ങൾ അസി. എഞ്ചിനീയർ സൂക്ഷിക്കുന്ന സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിവെക്കണമെന്നിരിക്കെ ഇപ്രകാരമുള്ള ഒരു സ്റ്റോക്ക് രജിസ്റ്റർ അസി. എഞ്ചിനീയർ സൂക്ഷിക്കുന്നില്ല. നിർവ്വഹിക്കപ്പെടുന്ന പ്രവൃത്തിയുടെ അടങ്കലിനനുസരിച്ച് ഒരു ടെൻഡർ ഫോറത്തിന് 2500 രൂപ വരെ വിലയുണ്ടെന്നിരിക്കെ ഇവയുടെ സ്റ്റോക്ക് കൃത്യമായി രേഖപ്പെടുത്തി വെക്കാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അസി.എഞ്ചിനീയറും സെക്രട്ടറിയും അതത് സ്റ്റോക്ക് രജിസ്റ്ററുകൾ കൃത്യമാക്കിവെക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18 /17-18/തീയതി- 16.11.2018) ലഭ്യമാക്കിയ മറുപടിയിൽ വിഷയം ഗൗരവമായി കാണുന്നുവെന്നും രജിസ്റ്റർ കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണ് എന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. നിലവിലുള്ള ടെൻഡർ ഫോറം കണക്കിലെടുത്ത് 2018-19 വർഷത്തെ സ്റ്റോക്ക് രജിസ്റ്റർ അസി.എഞ്ചിനീയർ കൃത്യമാക്കിവെച്ച് ഓഡിറ്റിനെ ബോധ്യപ്പെടുത്തിയിട്ടുണ്ട്.

## 3-13 മരുന്നുകളുടെ ആവശ്യകത വിലയിരുത്തി മാത്രം വാങ്ങൽ നടത്തേണ്ടതാണ്

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരുന്ന് വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (നം 94/18 ) 150000 രൂപയുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട് . ഇവ കൃത്യമായി സ്റ്റോക്കിലെടുത്തു വിതരണം ചെയ്തിട്ടുമുണ്ട്. എന്നാൽ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിശോധനയിൽ മുൻവർഷങ്ങളിൽ വാങ്ങിയ ചില മരുന്നുകൾ വിതരണം ചെയ്യാത്തതായും നിലവിൽ ഉപയോഗശൂന്യം എന്ന് മെഡിക്കൽ ഓഫീസർ സാക്ഷ്യപ്പെടുത്തിയതായും ശ്രദ്ധയിൽപ്പെട്ടു.

ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| മരുന്ന് പേര് | സ്റ്റോക്ക് പരിശോധനയിൽ കണ്ട വിവരങ്ങൾ |
|---|---|
| Borax 200 | 31.3.16 ന് 750 ml നീക്കിയിരിപ്പുള്ളതായും ഇത് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. ഈ മരുന്ന് പിന്നീട് വരവില്ല. |
| Chemomilla 200 | 31.3.16 ന് 1050 ml നീക്കിയിരിപ്പുള്ളതായും ഇത് 31.03.17 ന് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. 22.05.17 ന് 200 ml വരവുണ്ട്. |
| Alumina 200 | 9.9.16 ന് 1250 ml ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഈ മരുന്ന് പിന്നീട് വരവില്ല. |
| Bascillinum 200 | 31.3.16 ന് 750 ml നീക്കിയിരിപ്പുള്ളതായും ഇത് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. ഈ മരുന്ന് പിന്നീട് വരവില്ല. |
| Concuin 200 | 31.3.16 ന് 350 ml നീക്കിയിരിപ്പുള്ളതായും ഇത് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. 27.05.17 ന് 200 ml വരവുണ്ട് |
| Eup perf 200 | 31.3.16 ന് 2100 ml നീക്കിയിരിപ്പുള്ളതായും ഇത് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. 27.05.17 ന് 200 ml വരവുണ്ട് |
| Apis Mel 200 | 27.8..16 ന് 1700 ml നീക്കിയിരിപ്പുള്ളതായും ഇത് ഉപയോഗശൂന്യം എന്ന് സാക്ഷ്യപ്പെടുത്തിയതായും കാണുന്നു. 4.4.18ന് 200 ml വരവുണ്ട് |

രോഗികൾക്ക് വിതരണം ചെയ്യാനാകാതെ മരുന്നുകൾ ഉപയോഗശൂന്യമായിപ്പോകുന്ന

സ്ഥിതിവിശേഷം ഉണ്ടായതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണം മുഖേന നൽകിയതിന് 19.11.18 ന് മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആയതു പ്രകാരം ഹോമിയോപ്പതി വകുപ്പ് ഡയറക്ടറുടെ നിർദ്ദേശപ്രകാരമാണ് ഇപ്രകാരം മരുന്നുകൾ എക്സ്പ്പയറി രജിസ്റ്ററിൽ ചേർത്ത് സൂക്ഷിച്ചിരിക്കുന്നതെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചു. ഡ്രഗ്സ് &കോസ്മെറ്റിക്സ് റൂൾസ് 1945, ഷെഡ്യൂൾ എം1 പ്രകാരം ഹോമിയോമരുന്നുകളുടെ കാലാവധി മാനുഫാക്ചറിംഗ് തീയതി മുതൽ 60 മാസമായി നിജപ്പെടുത്തിയിട്ടുള്ളതായും ജി.എസ്.ആർ 678 (ഇ) ഓർഡർ പ്രകാരം 31.10.2008 മുതലാണ് ഈ നിയമം പ്രാബല്യത്തിൽ വന്നതെന്നും മെഡിക്കൽ ഓഫീസർ അറിയിച്ചു. ആയതിനാൽ പ്രസ്തുത തീയതിക്ക് മുമ്പുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായി കണക്കാക്കേണ്ടതാണെന്നും നിർദ്ദേശമുള്ളതായി അറിയിച്ചു.

മേൽ സൂചിപ്പിച്ച മരുന്നകളൊന്നും തന്നെ ഓഡിറ്റ് കാലയളവിൽ ഇന്റന്റ് ചെയ്തവയല്ല. എങ്കിലും അതത് കാലങ്ങളിൽ ആവശ്യമായ മരുന്നുകൾ ആവശ്യമായ അളവിൽ മാത്രം വാങ്ങി സ്റ്റോക്ക് ചെയ്ത് വിതരണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കാലാവധി കഴിഞ്ഞ മരുന്നുകൾ ഡ്രഗ്സ് കൺട്രോളറുടെ നിർദ്ദേശപ്രകാരം പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് ഇടവരുത്താതെ നശിപ്പിച്ചു കളയുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-14 അധിക ധനസഹായം നൽകിയിട്ടും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നം 211/18

ലൈഫ് മിഷൻ - പണി തീരാത്ത ഭവനങ്ങളുടെ പൂർത്തീകരണം

അടങ്കൽ - 1040000 (വികസനഫണ്ട് -ജനറൽ)

ചെലവ് - 415000

മുൻവർഷങ്ങളിലെ വിവിധ ഭവന നിർമ്മാണ പദ്ധതികളിൽ ഭാഗികമായി ധനസഹായം കൈപ്പറ്റിയിട്ടുണ്ടെങ്കിലും ഭവനനിർമ്മാണം നാളിതുവരെ പൂർത്തീകരിക്കാൻ കഴിയാതിരുന്ന 5 കുടുംബങ്ങൾക്ക് മുൻപദ്ധതിപ്രകാരമുള്ള ധനസഹായത്തിന്റെ യൂണിറ്റ് നിരക്കിനും കൈപ്പറ്റിയ തുകയ്ക്കും ആനുപാതികമായി നിശ്ചിത ശതമാനം തുക കൂടി അനുവദിച്ച് ഭവന നിർമ്മാണം പൂർത്തീകരിച്ച് സാമൂഹ്യസുരക്ഷ ഉറപ്പാക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം.

പദ്ധതി വിഭാവനം ചെയ്ത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുന്നതിനാണ് ഓഡിറ്റ് ഉദ്ദേശിച്ചിട്ടുള്ളത്. 4 ഗുണഭോക്താക്കൾ സാമ്പത്തിക വർഷം അവസാനിക്കുന്നതു വരെയും ഭവനനിർമ്മാണം പൂർത്തിയാക്കി മുഴുവൻ ഗഡുവും കൈപ്പറ്റിയിരുന്നില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/21.11.2018) ഒരു ഗുണഭോക്താവൊഴികെ ബാക്കി 3 പേരും നിലവിൽ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതായും മുഴുവൻ തുകയും കൈപ്പറ്റിയതായും നിർവ്വഹണോദ്യോഗസ്ഥൻ

മറുപടിയിലൂടെ അറിയിച്ചിട്ടുണ്ട്.

ഭവനനിർമ്മാണം പൂർത്തിയാക്കാൻ ബാക്കിയുള്ള ഗുണഭോക്താവിന്റെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | മുൻ പദ്ധതിയുടെ വിശദാംശങ്ങൾ | ഭവന പൂർത്തീകരണത്തിനായി നൽകേണ്ട തുക | കൈപ്പറ്റിയ തുക | ബാക്കി |
|---|---|---|---|---|
| പി.സതി, w/o രാജൻ, കൊട്ടേക്കാട്ടുപറമ്പ്, പരുത്തിപ്പുള്ളി | 2008-09 വർഷം 50000 രൂപ യൂണിറ്റ് നിരക്കുള്ള പദ്ധതിയിൽ 25000 രൂപ കൈപ്പറ്റി | 200000 രൂപ | 100000 ( a/c no-4337000 100116907-പഞ്ചാബ് നാഷനൽ ബാങ്ക്) | 100000 |

മേൽ ഗുണഭോക്താക്താവിന് വീടിനുള്ള തറപണി മാത്രമേ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളൂ എന്നും കുടുംബാംഗങ്ങളുടെ രോഗവും മറ്റ് സാമ്പത്തിക ബാധ്യതകളും മൂലം നാളിതു വരെയും പണി പൂർത്തിയാക്കാക്കാൻ സാധിച്ചിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്.

ഭവനവും ഭൂമിയും ഇല്ലാത്ത എല്ലാവർക്കും മാന്യവും സുരക്ഷിതത്വവും ഉള്ള ഭവനത്തോടൊപ്പം ജീവിത സുരക്ഷിതത്വവും ഉറപ്പു വരുത്തുന്നതു വഴി കേരളത്തിന്റെ സാമൂഹിക /പശ്ചാത്തല മേഖലയിൽ കാര്യമായ മാറ്റം ഉണ്ടാക്കുക എന്നതാണ് ലൈഫ് മിഷന്റെ പ്രഖ്യാപിത ലക്ഷ്യം . ആയതിനാൽ മേൽ ഗുണഭോക്താവിന്റെ വീടു നിർമ്മാണം പൂർത്തീകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-15 വാഹനത്തിന്റെ ഉപയോഗം-രേഖകൾ ഹാജരാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ ലോഗ് ബുക്ക് മൈലേജ് സർട്ടിഫിക്കറ്റ് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ജിഒ (എം,എസ്) 170/07തസ്വഭവ 30.7.2007 പ്രകാരം വാഹനത്തിന്റെ കസ്റ്റോഡിയൻ ഓഫീസർ നിർബന്ധമായും സൂക്ഷിക്കേണ്ട രജിസ്റ്ററുകളെക്കുറിച്ചും റെക്കോർഡുകളെക്കുറിച്ചും വിശദീകരിച്ചിട്ടുണ്ട്. സർക്കാർ വാഹനങ്ങളുടെ ദുരുപയോഗം ശ്രദ്ധയിൽപ്പെട്ടതിനാൽ ധനവകുപ്പ് 12.8.2008ന് 41/2008-ാം നമ്പറായി വിശദമായ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. മേല്പ്പറഞ്ഞവയുടെ വെളിച്ചത്തിൽ രേഖകൾ തയ്യാറാക്കേണ്ടതും കൃത്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 3-16 പദ്ധതി നിർവ്വഹണത്തിൽ ആശ്രയ ഗുണഭോക്താക്കൾക്ക് പ്രാധാന്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്

സമൂഹത്തിലെ നിരാലംബരും നിരാശ്രയരുമായ കുടുംബങ്ങളെ സാമൂഹിക, സാമ്പത്തിക പിന്നോക്കാവസ്ഥയിൽ നിന്ന് കരകയറ്റുന്നതിനായിട്ടുള്ള കേരള സർക്കാരിന്റെ പദ്ധതിയാണ് ആശ്രയ. ജി.ഒ.(എം.എസ്) നം.71/2003/പ്ലാനിംഗ്/12.11.2003 അനുസരിച്ചാണ് ആശ്രയ പദ്ധതി ആദ്യമായി ആരംഭിച്ചത്. തുടർന്ന് വിവിധ ഉത്തരവുകളിൽ ഈ പദ്ധതിയ്ക്ക് സമൂലമായ മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ.ഉ(എം.എസ്)നം.362/2013/ത.സ്വ.ഭ.വ തിയതി 16.11.2013 പ്രകാരം അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തുകയും, അപ്രകാരം കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ നിലനിൽപ്പിനും, സാമൂഹ്യമായ മുന്നേറ്റങ്ങൾക്കും വേണ്ടി ആശ്രയ എന്ന പ്രൊജക്ട് തയ്യാറാക്കിയിരിക്കണം.

പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിൽ സർവ്വേയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ വിവരങ്ങൾ അനുസരിച്ച് അഗതി കുടുംബങ്ങളുടെ ആവശ്യകതകൾ കണക്കിലെടുത്ത് ആശ്രയ പ്രൊജക്ട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ സംക്ഷിപ്തവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | ഒന്നാം ഘട്ടം 2003-06 | | രണ്ടാം ഘട്ടം 2014-17 | |
|---|---|---|---|---|---|
| | | ആവശ്യമുള്ളത് | ലഭ്യമാക്കിയത് | ആവശ്യമുള്ളത് | ലഭ്യമാക്കിയത് |
| 1 | വീട് ആവശ്യമുള്ളവർ | 35 | 26 | 13 | - |
| 2 | വീട് വെക്കുവാൻ സ്ഥലം ആവശ്യമുള്ളവർ | 2 | - | - | - |
| 3 | വീട് റിപ്പയർ ആവശ്യമുള്ളവർ | 16 | - | 17 | 7 |
| 4 | കുടിവെള്ള സൗകര്യം ആവശ്യമുള്ളവർ | - | - | - | -- |
| 5 | കക്കൂസ് ആവശ്യമുള്ളവർ | - | - | 10 | - |

സ.ഉ(എം എസ്) 362/2013 തസ്വഭവ തി. 16.11.2013 അനുബന്ധം 14 ഖ. 6.7 (i) അനുസരിച്ച്

ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വെക്കുന്നതിന് ഭൂമി വാങ്ങി നൽകിയതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നൽകാൻ പാടുള്ളൂ. ഇതേ ഉത്തരവിലെ അനുബന്ധം 14 ഖ. 6.8 (i) അനുസരിച്ച് ഭവന രഹിതരും, ആവശ്യത്തിന് ഭൂമി ഉള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ ധനസഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നൽകണം. അതിന് ശേഷം മാത്രമേ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നൽകാൻ പാടുള്ളൂ. അനുബന്ധം 14 ഖ. 6.8(ii) അനുസരിച്ച് അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെ ഏൽപ്പിക്കണം.

ആശ്രയ പദ്ധതി തുടങ്ങി ഇതുവരെയായി മേൽ പട്ടികയിൽ സൂചിപ്പിച്ച ആനുകൂല്യങ്ങൾ മാത്രമാണ് ആണ് നൽകിയിട്ടുള്ളത്. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി യോഗ മിനിട്ട്സ്, വികസന രേഖ എന്നിവ പരിശോധിച്ചതിൽ ആശ്രയ പ്രകാരം നടപ്പിലാക്കേണ്ട പദ്ധതികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയെപ്പറ്റിയുള്ള രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടില്ല. ചാലഞ്ച് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി നടത്തിപ്പ് മാത്രമാണ് തുടർന്നുവരുന്നത്. ആശ്രയ രണ്ടാം ഘട്ടം പൂർത്തിയാക്കി മൂന്നാം ഘട്ടത്തിന്റെ പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൂർത്തിയാക്കിയ 2ഘട്ടങ്ങളിലും അഗതികളുടെ ആവശ്യകതക്കനുസരിച്ചുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനായി ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 126/181 ത.സ്വ.ഭ.വ തീയതി 14.9.2018 ലെ നിർദ്ദേശപ്രകാരം "അഗതിരഹിത കേരള"ത്തിനായി മുൻ ഘട്ടങ്ങളിലെ പ്രശ്നങ്ങളും പരിമിതികളും പരിഹരിച്ചു കൊണ്ട് ആശ്രയ ഗുണഭോക്താക്കളുടെ സമഗ്ര ഉന്നമനം സാധ്യമാക്കുന്നതിനായി ശ്രമിക്കേണ്ടതാണ്.

## 3-17 ദേശീയ തൊഴിലുറപ്പ് പദ്ധതി- കാർഷിക മേഖലയിലെ പ്രവൃത്തി വിപുലപ്പെടുത്താവുന്നതാണ്

ദേശീയ തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ വിവധ ജലസംരക്ഷണ പ്രവൃത്തികൾ തൻവർഷം ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുണ്ടെങ്കിലും ഉല്പാദനപരമായതും തൊഴിലുറപ്പിൽ ഏറ്റെടുക്കാവുന്നതുമായ മറ്റു പ്രവൃത്തികൾ ഏറ്റെടുക്കാൻ ശ്രദ്ധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്തു പരിധിയിലുള്ള 1437 ഹെക്ടർ സ്ഥലത്ത് വിവിധയിനം കൃഷികൾ ചെയ്തുവരുന്നുണ്ട്. 18 ഹെക്ടർ സ്ഥലം കൃഷിക്ക് ഉപയുക്തമാക്കാവുന്ന തരിശുനിലമാണ്. ഇത്തരം തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ സമൂഹത്തിൽ അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങൾക്കായി ഏറ്റെടുക്കാവുന്നതാണെന്ന് സ.ഉ(സ) 1689/15 തസ്വഭവ തീ. 5.6.2015 ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഉത്തരവിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തരിശു നിലങ്ങൾ കൃഷിക്ക് അനുയോജ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2015-16 | 12500 | | 0 | 12500 |
| | 2017-18 | 2734800 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്ഡിഡി | 2734800 | 0 |
| | 2017-18 | 100000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 200000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് തുക | 200000 | 0 |
| | 2017-18 | 527000 | നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി തുക | 527000 | 0 |
| | 2017-18 | 200000 | ക്ഷീരകർഷ കർക്ക് പാലിന് സബ്സിഡി | 199998 | 2 |

# 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തി യുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 5 ാം വാർഡിലെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിച്ച് തെരുവ് വിളക്ക് സ്ഥാപിക്കൽ-203/18 | 26/24.1.18 | 209095 | 209095 | 0 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | 13ാം വാർഡിലെ പുല്ലാട്ടുപടി പ്രദേശത്ത് സ്ട്രീറ്റ്മെയിൻ സ്ഥാപിക്കൽ 205/18 | 24/24.1.18 | 44820 | 44820 | 0 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പെരുമല മേപ്പാലക്കോട് തെരുവ് വിളക്ക് സ്ഥാപിക്കൽ-128/18 | 16/27.11.17 | 300000 | 300000 | 0 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | പെരുമലക്കുളം കുടിവെള്ളപദ്ധതി-ത്രീഫേസ് ആക്കൽ | 12/26.9.17 | 150000 | 0 | 150000 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | മോഡൽനഴ്സറി സ്കൂളിലേക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കൽ-204/18 | 17/18.11.17 | 28744 | 28744 | 0 |
| കേരള സംസ്ഥാന വൈദ്യുതി ബോർഡ് | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 25/24.1.18<br>15/27.11.17 | 54780<br>250577 | 294185 | 11172 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഒന്നുമില്ല

# 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | സ.ഉ (സാ.ധാ) നം 3145/10 /ത.സ്വ.ഭ.വ തീയതി 29.9.10 | 12964900 | 2310224 | 300000 പ്രോജക്ട് നം 12/18 ബിൽ നം 1/26.7.17 | - | 2010224 |

# 4-5 സ്ഥിര നിക്ഷേപം

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 16226 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 3-12(2), 3-12(3) | 16226 | ശ്രീ.സുമേഷ്.വി.ജെ, അസിസ്റ്റന്റ് | 1. 12978, രസീത് നം |

| | | | | |
|---|---|---|---|---|
| | | | എഞ്ചിനീയർ | 117020102959/ 1.12.17<br>2. 3248, രസീത് നം<br>117020102941/ 30.11.17 |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന പരാമർശങ്ങൾ ഇല്ല.

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് സർചാർജ് നടപടികളിലൂടെ ഈ വർഷം വരവൊന്നും ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 101652714 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98699791 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1290 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 12000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-9(ഡി) | 1290 | | ശ്രീ.രാമൻകുട്ടി.എം, സെക്രട്ടറി |
| 3-1 | | 12000 | ശ്രീ.കൃഷ്ണകുമാരൻ എം.വി, പ്രധാനാധ്യാപകൻ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഇനം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|
| 3-5 | 2994 | തെരുവ് വിളക്ക് കത്തിക്കൽ | ശ്രീ.രാമൻകുട്ടി.എം, സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.രാമൻകുട്ടി.എം, സെക്രട്ടറി | അസിസ്റ്റന്റ് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടിഡയറക്ടറുടെ കാര്യാലയം, പാലക്കാട് | കുണ്ടുപറമ്പിൽ വീട്, അത്തിപ്പൊറ്റ. (പി.ഒ) പാലക്കാട്-678554 |
| ശ്രീ.കൃഷ്ണകുമാരൻ എം.വി, പ്രധാനാധ്യാപകൻ | പ്രധാനാധ്യാപകൻ, ജി.യു.പി.എസ്, പരിത്തിപ്പുള്ളി | മേകോനാത്ത് വീട് പെരിങ്ങോട്ടുകുറിശ്ശി, പാലക്കാട് |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1996-97 | എൽ.എഫ്.പി 7-303/98/09.07.98 | 2 |
| 1997-98 | എൽ.എഫ്.പി 9419/99/04.11.99 | 12 |
| 1998-99 | എൽ.എഫ്.പി -15/364/03/ 13.08.2003 | 14 |
| 1999-2000 | എൽ.എഫ്.പി -15/210 /09/04.05.2009 | 12 |
| 2000-01 | എൽ.എഫ്.പി -15-518/2009/7.01.2011 | 7 |
| 2001-02 | എൽ.എഫ്.പി -15-1002/2006 /24.06.2008 | 12 |
| 2002-03 | എൽ.എഫ്.പി -15/1663 /2011/18.10.2011 | 3 |
| 2003-04 | എൽ.എഫ്.പി -15/1642 /2008/04.06.2010 | 6 |
| 2004-05 | എൽ.എഫ്.പി -15-1665/2011 /18.10.2010 | 4 |
| 2005-06 | എൽ.എഫ്.പി -15-205/2011 /05.03.2011 | 2 |
| 2006-07 | എൽ.എഫ്.പി -15-1645/2008 /04.06.2010 | 2 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.പി -സ്പെ.സെൽ/സി.എസ്.സി/ഡി3/2013 /25.05.2014 | 2 |
| 2008-09 | എൽ.എഫ്.പി -15/560 /2013/23.10.2013 | 2 |
| 2009-10 | എൽ.എഫ്.പി -15/952 /2010/31.08.2010 | 2 |
| 2010-11 | എൽ.എഫ്.പി -15/357 /2014/05.07.2014 | 5 |
| 2011-12 | എൽ.എഫ്.പി -15/357 /2014/05.07.2014 | 3 |
| 2012-13 | കെ.എസ്.എ/പി.കെ.ഡി-15/809 /2017/7.12.2017 | 2 |
| 2013-14 & 2014-15 | കെ.എസ്.എ/പി.കെ.ഡി-15/1135 /2017/19.01.2018 | 7 |
| 2015-16 | കെ.എസ്.എ/പി.കെ.ഡി-15/212 /2016/9.05.2017 | 7 |
| 2016-17 | കെ.എസ്.എ/പി.കെ.ഡി-15/1963 /2017/7.03.18 | 15 |

ഡെപ്യൂട്ടി ഡയറക്ടർ.

# അനുബന്ധം -1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ സ.ഉ(സാധാ)1413/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പെരുങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

## 2017-18സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കി ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

2. വസ്തുനികുതി : സഞ്ചയ സോഫ്റ്റ്‌വെയറിലെയും വാർഷികകണക്കിലെയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

3. തൊഴിൽ നികുതി (ജീവനക്കാർ) : ഡിമാന്റ് രജിസ്റ്ററിലേയും വാർഷികകണക്കിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

4. തൊഴിൽനികുതി (ട്രേഡേഴ്സ്), ഡി&ഒ ലൈസൻസ് എന്നിവയുടെ ഡിമാന്റ് രജിസ്റ്റർ പൂർത്തിയാക്കി സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല

5. മുൻകൂർ രജിസ്റ്റർ പൂർണ്ണമല്ല.

6. പ്രത്യേക ഗ്രാന്റുകൾക്ക് ( ICDS, Total sanitation, B Fund for transferred instituitions) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

7. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ രജിസ്റ്ററിലേയും വാർഷിക കണക്കുകളിലേയും തുകകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

8. ബി ഫണ്ട് : വിധവ പെൻഷൻ - സ്റ്റേറ്റ്മെന്റും വാർഷിക കണക്കും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

9. മൂന്ന് മാസത്തിലധികമായി എൻകാഷ് ചെയ്യാത്ത ചെക്കുകൾ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.

10. ആസ്തികൾക്ക് തൻവർഷത്തേക്കുള്ള ഡിപ്രിസിയേഷൻ നൽകിയിട്ടില്ല.

11. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെന്റിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12. താഴെ പറയുന്ന ബാങ്ക് / ട്രഷറി അക്കൗണ്ടുകളുടെ പാസ്സ്ബുക്ക്/സ്റ്റേറ്റ്മെന്റും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

- പഞ്ചാബ് നാഷണൽ ബാങ്ക് -പെൻഷൻ
- ട്രഷറി ടി.പി.എ- 1169
- യൂണിയൻ ബാങ്ക് (സാനിറ്റേഷൻ)
- യൂണിയൻ ബാങ്ക് (സാക്ഷരത)

ഡെപ്യൂട്ടി ഡയറക്ടർ

# അനുബന്ധം- 2

## പത്രികകൾ

1) റസീപ്റ്റ് & പെയ്മെന്റ്സ് സംഗ്രഹം

| RECEIPT & PAYMENT STATEMENTFOR THE PERIOD FROM 01.04.17 TO 31.03.18 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |

| | | | |
|---|---|---|---|
| | Opening Balance | | |
| Bank | Bank | RP-40(a) | 5101563.00 |
| Cash | Cash | RP-40(a) | 38792.00 |
| | Operating | | |
| 110000000 | Tax Revenue | RP-1 | 755210.00 |
| 140000000 | Fees & User Charges | RP-4 | 284531.00 |
| 150000000 | Sale & Hire Charges | RP-5 | 147284.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 83692615.00 |
| 171000000 | Interest Earned | RP-9 | 27745.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8774895.00 |
| 350000000 | Other Liabilities | RP-36 | 32377.00 |
| | Non Operating | | |
| 180000000 | Other Income | RP-10 | 175401.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 17307.00 |
| 312000000 | Reserves | RP-30 | 0.0 |
| 340000000 | Deposits Received | RP-34 | 101000.00 |
| 350000000 | Other Liabilities | RP-36 | 110530.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2387464.00 |
| 460000000 | Loans, Advances and Deposits | RP-47 | 6000.00 |
| | Grand total | | 101652714.00 |

| | | | |
|---|---|---|---|
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 2877713.00 |
| 220000000 | Administrative Expenses | RP-12 | 1735774.00 |
| 230000000 | Operations & Maintenance | RP-13 | 2639215.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 5367346.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 13758259.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 5877926.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 421754.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 5692482.00 |
| 255000000 | Maintenance Projects | RP-20 | 5560139.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 36000.00 |
| 280000000 | Prior Period item | RP-26 | 715883.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 4196855.00 |
| 350000000 | Other Liabilities | RP-36 | 4459446.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 8902.00 |
| 280000000 | Prior Period Item | RP-26 | -5000.00 |
| 310000000 | Panchayat Fund | RP-28 | 0.0 |
| 311000000 | Earmarked Funds | RP-29 | 10000.00 |
| 330000000 | Secured Loans | RP-32 | 300000.00 |
| 340000000 | Deposits Received | RP-34 | 75000.00 |
| 350000000 | Other Liabilities | RP-36 | 1553643.00 |
| 410000000 | Fixed Assets | RP-38 | 12171383.00 |

| | | | |
|---|---|---|---|
| 412000000 | Capital work in Progress | RP-40 | 28996680.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 2020766.00 |
| 460000000 | Loans, Advances and Deposits | RP-47 | 229625.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 2921029.00 |
| Cash | Cash | RP-40(b) | 31894.00 |
| | Grand Total | | 101652714.00 |

2) ഇൻകം & എക്സ്പെൻഡിച്ചർ സംഗ്രഹം

Income & Expenditure Statement For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 2649143.00 |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 302144.00 |
| 140000000 | Fee & User Charges | I-4(b) | 327431.00 |
| 150000000 | Sale & Hire Charges | I-5(b) | 147284.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / | I-6 | 148877521.00 |
| | Subsidies | | |
| 171000000 | Interest Earned | I-8 | 27745.00 |
| 180000000 | Other Income | I-9 | 175401.00 |
| | Total Income | | 152506669.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 9090639.00 |
| 220000000 | Administrative Expenses | I-11(b) | 1735469.00 |
| 230000000 | Operations & Maintenance | I-12(b) | 2639215.00 |
| 240000000 | Interest & Finance Charges | I-13 | 8902.00 |
| 250000000 | Decentralised Plan Programme-Productive Sector / | I-14 | 8530068.00 |
| | Programme Expenses | | |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 37928701.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 5877926.00 |
| 253000000 | Decentralised Plan Programme-Projects not included in | I-14(c) | 721754.00 |
| | Sector Division | | |
| 254000000 | Expenditures of Transfered Institutions and State Sponsored | I-14(d) | 52356782.00 |

| | | | |
|---|---|---|---|
| | Schemes (not included under Decentralized Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 5560139.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 36000.00 |
| | Total Expenditure | | 124485595.00 |
| | Gross Surplus/ Deficit of income over Expenditure | | 28021074.00 |
| 280000000 | Prior Period Item | I-18 | 1326019.00 |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 26695055.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

3) ബാലൻസ് ഷീറ്റ് സംഗ്രഹം

Balance Sheet For the period from 01-April-2017 to 31-March-2018

| Code.No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 56226525.80 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or | B-2 | 7307.00 |
| | Agency Fund | | |
| 312000000 | Reserves | B-3 | 87152992.00 |
| | Total Reserve & Surplus | | 143386824.80 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 3164541.00 |
| | Total Grants, Contributions for Specific Purposes | | 3164541.00 |
| Loans | | | |
| 330000000 | Secured Loans | B-5 | 2010224.00 |
| | Total Loans | | 2010224.00 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 252702.00 |
| 350000000 | Other Liabilities | B-9 | 536933.20 |
| | Total Current Liabilities and Provisions | | 789635.20 |
| | TOTAL LIABILITIES | | 149351225.00 |

| | | | |
|---|---|---|---|
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 141682383.00 |
| 412000000 | Capital Work in Progress | B-11(a) | 0.0 |
| | Total Fixed Assets | | 141682383.00 |
| | Investments | | |
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 2570870.00 |
| 440000000 | Pre-paid Expenses | B-16 | 2010224.00 |
| 450000000 | Cash and Bank Balance | B-17 | 2952923.00 |
| 460000000 | Loand, Advances and Deposits | B-18 | 134825.00 |
| | Total Current Assets, Loans and Advances | | 7668842.00 |
| Other Assets | | | |
| Miscellaneous Expenditure (To the Extent not written off) | | | |
| Page No : 1 | | | |
| TOTAL ASSETS | 149351225.00 | | |

ഡെപ്യൂട്ടി ഡയറക്ടർ.